

പുസ്തകം ൨൨) ഫൻഫര മാർച്ച്; (ലക്കം ൩.

മംഗളം.

ആരാണ്ടുതവദോഷമെന്യെയിളയിൽ സംജാതയായ് തീർന്നതി-
ങ്ങാരാണാനരനായ ദൈവസുതനെപ്പെറോരു കന്യാമണി
ആരാ സപ്തകവാടമാരു തുണയപ്പാവിഷ്ടരാം മാനുഷ-
ക്കാരാജേന്ദ്രതനൂജയായ മറിയം നമ്മെക്കടാക്ഷിക്കണം.

കട്ടക്കയത്തിൽ സി. ജോൺ.

മാർയ്യൗസേപ്പുപിതാവിന്റെ വണക്കമാസം.

യാക്കോബാവായുടെ പുത്രനായ പൂവ്വയ്യൗസേപ്പ് ഈജിപ്തിൽരാജാവിന്റെ വീട്ടധികാരിയെന്ന നിലയിൽ ജനത്തെ പാലിച്ചതിനേക്കാൾ മഹത്തരമായ വിധത്തിൽ പരിപാലനയും, രക്ഷയും നടത്തിയ ആളാണ് മാർ യ്യൗസേപ്പുപിതാവ്. അതിനാൽ പൂവ്വയ്യൗസേപ്പിനുണ്ടായിരുന്ന അധികാരത്തേക്കാൾ വലിയ അധികാരവും, മഹത്വമതിയും ഇദ്ദേഹത്തിനുണ്ടായിരിക്കുമെന്നു തെളിവാണ്. കാരണം, നമ്മുടെ ഈ വിശുദ്ധ പിതാവ് നരകത്തെ രക്ഷിപ്പാൻവേണ്ടി മാനുഷനായി പിറന്ന ഈശോ മിശിഹായുടെവളർത്തുപിതാവായി പരിശുദ്ധാത്മാവിനാൽ തിരഞ്ഞെടുപ്പെട്ടതുതന്നെയാണ്. ഈ മഹാപുണ്യപിതാവിന്റെനേരെ എല്ലാ വിശ്വാസികളും വിശേഷസ്നേഹബഹുമാനഭക്തികളെ പ്രദർശിപ്പിക്കേണ്ടതാണെന്നുള്ളതു പരിശുദ്ധ തിരുസഭ നമ്മോടുപദേശിക്കുന്നുണ്ട്. ഇങ്ങനെയുള്ള പ്രത്യേകഭക്തിയെ പ്രദർശിപ്പിക്കുന്നതിനായി ചില തിരുനാളുകളെ സ്ഥാപിച്ചു നടത്തിവരുന്നതിനും പുറമെ മീനമാസം മുഴുവൻ ഈ വന്ദ്യപിതാവിന്റെ വണക്കത്തിനായി പ്രതിഷ്ഠിക്കയും ചെയ്തിരിക്കുന്നു. ഈ അവസരത്തിൽ ഈ വിശുദ്ധ പിതാവിന്റെ മഹത്വങ്ങളെപ്പറ്റി സല്പം പറയുന്നതു യുക്തമായിരിക്കുമെന്നു വിചാരിക്കുന്നു. സ്തുതിയും യോഗ്യതയും മഹത്വവുമെല്ലാം ദൈവത്തിനുമാത്രം ചേരുന്നതാണ്. അങ്ങേ സൃഷ്ടികളിൽ മനുഷ്യകണ്ണുകൾക്കു ദർശിക്കത്തക്കതായവല്ല മഹത്വമോ ഭാഗ്യമോ ഉണ്ടെങ്കിൽ അതു അതിയില്ലാത്ത അങ്ങേ അനുഗ്രഹത്തിന്റെയൊരു ഛായമാത്രമെ ആകുന്നുള്ളു. അനുഗ്രഹങ്ങളുടെ ഉറവയും, മുന്തിരിക്കൊടിയും ആയിരിക്കുന്ന അങ്ങേയോടു ഏറ്റം അടുത്തിരിക്കുന്നവനാരോ അവൻ എല്ലാവരേക്കാൾ ഭാഗ്യവാനും, മഹത്വമുള്ളവനും ആയിരിക്കുമെന്നതും സത്യമാണ്. ഈ തത്വത്തിൻപ്രകാരം സൃഷ്ടികളിൽവെച്ച് ദൈവത്തോടു എല്ലാ വിധത്തിലും

അട്ടത്തിരിക്കുന്ന അൽ വി. കന്യകമറിയം തന്നെയാണ്. ഈ അമ്മ മാനുഷാവതാരം ചെയ്തിട്ടുവചനത്തിന്റെ സോക്ഷാൽ മാതാവ് എന്ന സ്ഥാനത്തിനുക്രടിയും അർഹത ലഭിച്ചവളായതിനാൽ മറിയത്തിന്റെ ബഹുമതി പ്രത്യേകമായ ഒന്നുതന്നെയാണെന്നു സംശയിക്കുന്നവരാരുമില്ല. മാനുഷനായി പിറന്ന മിശിഹായുടെ വളർത്തുപിതാവ് എന്ന സ്ഥാനം വി. യൌസേപ്പു പിതാവിനു ലഭിച്ചതിനാൽ വിശുദ്ധ മറിയം കഴിഞ്ഞാൽ ദൈവത്താൽ ഈമഹാത്മാവ് പ്രത്യേകം ബഹുമാനിക്കപ്പെട്ടവൻ ആകുന്നു എന്നു ന്യായമായി വിചാരിക്കാനുള്ളതാണ്. ഇതുയും ദൈവപുത്രനോട്ട അടുത്തു പെരുമാറിയവരായി വിശുദ്ധന്മാരിൽ അരുതന്നെയില്ല. ബേസ്ലഹം നഗരത്തിലെ ജനക്രൂട്ടവും നസ്രസ് നിവാസികളും ഓർശ്ലം ദേവാലയത്തിൽവെച്ചു ദിവ്യഉണ്ണിയുമായി തർക്കിച്ച ശാസ്ത്രികളും, അത്ഭുതപ്രവർത്തകനായ ആ ഫ വയസ്സുള്ള പൈതലിന്റെ സാക്ഷാൽ അപ്പൻ മാർ യൌസേപ്പു പിതാവാണെന്ന സമ്മതിച്ചതായി വേദാഗമം തെളിവാക്കുന്നുണ്ടു. മിശിഹാ വയസ്സിലും ജ്ഞാനത്തിലും, ദൈവാനുഗ്രഹത്തിലും നാൾക്കുനാൾ മികച്ചവനായി വന്നിരിക്കെ അങ്ങേപ്രിയ മാതാപിതാക്കന്മാരായ വി. യൌസേപ്പിനും കന്യകമറിയത്തിനും കീഴ് വഴങ്ങിയിരുന്നുവെന്നും തെളിവായി വായിക്കപ്പെടുന്നു. പരിശുദ്ധ കന്യകയായ ദൈവജനനി തന്നെ വിരക്തനായ തന്റെ ഭർത്താവിനെ എത്രയോ ബഹുമാനിച്ചുവന്നുയെന്നു, ദേവാലയത്തിൽ വെച്ചു ദിവ്യ ഉണ്ണിയെ കണ്ട ക്ഷണത്തിൽ ഉച്ചരിച്ച വചനങ്ങൾ തെളിവായി കാണിക്കുന്നു. "ഇതാ നിന്റെ പിതാവും ഞാനും വ്യാകുലാക്രാന്തന്മാരായി നിന്നെ അന്വേഷിച്ചു നടന്നു." ഇവിടെ മറിയത്തിന്റെ താഴ്ച എത്രയെന്നും, "നീതിമാനായ" വി. യൌസേപ്പിന്റെനേരെയുള്ള അങ്ങേ ബഹുമാനം എത്രത്തോളം എന്നും കാണപ്പെടുന്നുണ്ടു. അങ്ങേ വളർത്തുപിതാവായ മാർ യൌസേപ്പിനെ ദിവ്യഉണ്ണി തന്നെ എത്രപ്രാവശ്യം അപ്പൻ, എന്നു വിളിച്ചിരിക്കണം. മക്കൾ തങ്ങളുടെ കാരണവന്മാർക്കു ചെയ്തുകൊടുക്കുന്ന സഹായങ്ങൾ എല്ലാംതന്നെ മിശിഹായും വി. യൌസേപ്പിനു ചെയ്തിരിക്കണം. അങ്ങേ കുടുംബജോലിയ്ക്കായിരുന്ന ആശാരിപ്പണിക്കു വേണ്ട മരം, ചുറ്റിക, ഉളി മുതലായ കരുക്കളെ ക്രമപ്പെടുത്തുന്നതിലും, സ്ഥലം വെടിപ്പുവരുത്തുന്നതിലും എന്നുവേണ്ടാ വി. യൌസേപ്പു ആവശ്യപ്പെട്ട എല്ലാവേലകളും ചെയ്യുന്നതിലും അവിടുന്നു അനുസരണയുള്ളവനായിരുന്നുവെന്നതു 'കീഴ്വഴങ്ങിയിരുന്നു' എന്ന വാക്കിൽനിന്നു ഊഹിക്കാവുന്നതാണ്. ക്രൂശാതെ ഈ വിശുദ്ധപിതാവു് മരണാസന്നനായി കിടക്കയിൽ അങ്ങേ പ്രിയപുത്രനായ മിശിഹാതന്നെ മരണക്കിടക്കയുടെ അരികിൽനിന്നുകൊണ്ടു ശുശ്രൂഷകൾ ചെയ്തും വിധിയാളനായ അവിടുന്നുതന്നെ ഈ വിശുദ്ധ മഹാത്മാവിന്റെ ആത്മാവിനെ പറുദീസായിലേക്കു പറഞ്ഞയയ്ക്കുയും ചെയ്തതു് ഓർത്താൽ വി. യൌസേപ്പു പിതാവിനു ദൈവത്തിൽനിന്നും ലഭിക്കാത്തതായ വല്ല അനുഗ്രഹവും ഇഹത്തിൽ ഇനി ശേഷിച്ചിട്ടുണ്ടോ എന്നു ബാലമായി സംശയിക്കേണ്ടിയിരിക്കുന്നു. മേൽപ്രസ്താവിച്ച സംഗതികൾ ഒക്കെയും മാർ യൌസേപ്പുപിതാവിന്റെ മഹത്വത്തെ ഒന്നുകൂടി വർദ്ധിപ്പിക്കയും ബലപ്പെടുത്തുകയുമാണ് ചെയ്യുന്നതു്. ഇതുയധികം മഹത്വമുള്ള ഒരു മഹാത്മാവിന്റെ മാദ്ധ്യസ്ഥവും സഹായവും തുണയുമാണ് നാമും ആഗ്രഹിക്കേണ്ടതു ഇഹത്തിൽ നമുക്കു സഹായവും തുണയുമായിരുന്നതിരുക്കട്ടെ പരത്തിൽ വാഴുന്നതു. മാർയൌസേപ്പിന്റെ മരണാനന്തരവും അങ്ങേ ചരിത്രം ഈ ഭൂമിയിൽ പുതുതായി തന്നെയിരിക്കുന്നു. കത്തോലിക്കാ തിരുസഭയിൽ ആദിമകാലം മുതൽ വി. മറിയത്തിന്റെ ഭർത്താവായ മാർ യൌസേപ്പു പിതാവിന്റെ [illegible] അറിയപ്പെട്ടിട്ടുണ്ടു. വിശുദ്ധ യൌസേപ്പിന്റെ നേരെ തിരിഞ്ഞു അങ്ങേ സങ്കടം അപേക്ഷിച്ച യാതൊരുത്തനും സഹായം ലഭിക്കാതിരുന്നിട്ടില്ല. തന്നെ സഹായത്തെയാചിക്കുന്നവനെ അവിടുന്നു സഹായിക്കാതിരിക്കുന്നതുല്ല. ഈ വി. [illegible]നെക്കുറി

ച്ചു വി. ത്രേസ്യാമ്മ പറയുന്നതു ഇതിന്റെ തെളിവിനുപകരിക്കുന്നതാണ്. — "കർത്താവിനെ എന്റെ പ്രാർത്ഥനകൾക്കുത്തരമായിക്കുന്നതിനായി ഞാൻ എന്റെ വക്കിലും, സഹായക്കാരനുമായി മാർ യൌസേപ്പിനെ വിളിക്കും; എനെ മുഴുവനും അങ്ങേ ഏല്പിക്കും. അയാളുടെ സഹായം പ്രത്യക്ഷമായി എനിക്കുണ്ടായിട്ടുണ്ട്. വി. യൌസേപ്പിനോടു അപേക്ഷിച്ചിട്ടു യാതൊരു നന്മ കിട്ടാത്തതായി ഞാൻ ഓർക്കുന്നില്ല." നമ്മുടെ കർത്താവീശോമ്ശിഹാ ലോകത്തിൽവെച്ചു അങ്ങേ വളർത്തുപിതാവായ മാർ യൌസേപ്പിന്റെ അധികാരത്തിനു കീഴ്വഴങ്ങിയിരുന്നതുപോലെ, ഇപ്പോൾ ആകാശത്തിലും നമ്മുടെ ഗുണത്തിനായി ആ മഹാത്മാവു ചോദിക്കുന്നതിനെ നൽകുന്നതിനു ഒരുങ്ങിയിരിക്കയാണ്. എല്ലാ അനുഗ്രഹങ്ങൾക്കും പദവിക്കും ഏതുവിധ സഹായവും ചെയ്തുകൊടുക്കുന്നതിനു ഈ മഹാത്മാവിനു ശക്തിയുണ്ട്. അപ്പൊഴോ പ്രിയവായനക്കാരെ! ഈമഹാത്മാവിന്റെ സുകൃതങ്ങളെപ്പറ്റി നിങ്ങൾ സല്പം വിചാരിക്കുവിൻ. ദൈവത്തിന്റെ പക്കൽ ഈ വി. പിതാവു് എത്രശക്തിയുള്ളവനാകുന്നുയെന്നു കാണുവിൻ. മനുഷ്യരുടെ ഗുണത്തിനേൽ എത്ര താല്പര്യവും ശുഷ്ക്കാന്തിയും ഉള്ളവനാകുന്നുവിശുദ്ധ ത്രേസ്യായുടെ വചനങ്ങളെ ഒന്നു ഓർത്തു ഗ്രഹിപ്പിൻ. ഈ മദ്ധ്യസ്ഥൻ വഴിയായി ഓരോരുത്തർ ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങളും എത്രമാത്രമെന്നു നോക്കുവിൻ. കുടുംബഭരണത്തിൽ പ്രയാസവും, മുട്ടുപ്പും കാണുന്നവരും, സമാധാനപാലനം അറിയാൻ വഹിയ്ക്കാത്ത കുടുംബത്തലവന്മാരും ഈ മഹാത്മാവിനെ കണ്ടു പഠിക്കട്ടെ. അദ്ദേഹ ഗുണഗണങ്ങളിലൊരംശമെങ്കിലും കിട്ടുന്നതിനായി സദാ പ്രാർത്ഥിക്കണം. മരണസമയം എന്ന ഘട്ടം സകലരേയും ഭ്രമിപ്പിക്കുന്ന ഒന്നാണെന്നു ആരുതന്നെ സമ്മതിക്കുമല്ലൊ. ആ സമയത്തു മാർ യൌസേപ്പു നമ്മെ പ്രത്യേകിച്ചു സഹായിക്കുന്നതിനായി ഇപ്പോൾതന്നെ അദ്ദേഹത്തെ മദ്ധ്യസ്ഥതയെ യാചിച്ചുകൊള്ളണം. ഈ മാസത്തിൽ വണക്കത്തിനുതകുന്ന ജ്ഞാനവായന, പ്രാർത്ഥന ഇതുകൾ ചെയ്യണം. മൂന്നു ഭിക്ഷക്കാർക്കു ധർമ്മം കൊടുക്കണം. തിരുക്കുടുംബത്തിന്റെ ഓർമ്മയ്ക്കായി ഒരു വൃദ്ധനും ഒരു വൃദ്ധസ്ത്രീക്കും ഒരു പൈതലിനും അന്നദാനം കൊടുക്കുന്നു— "മുത്തിഊട്ടു" എന്നു പറഞ്ഞുവരുന്നു— ഭക്തിമുറ നടത്തേണ്ടതു പ്രത്യേകം ഈ മാസത്തിലാകുന്നു. ഈ മാസം ൧൯-൨൦൯- മാർ യൌസേപ്പുപിതാവിന്റെ മരണത്തിരുനാളിനു മുമ്പുള്ള ബുധനാഴ്ച കുമ്പസാരിച്ചു ശു. കു. കൈക്കൊള്ളുന്ന ഭക്തികൃത്യം ഈ അവസരത്തിനുയോജിക്കുന്നതാണ്. വി. യൌസേപ്പിന്റെ തിരുനാൾ പ്രമാണിച്ചു കുമ്പസാരിച്ചു ദിവ്യകാരുണ്യം ഉൾക്കൊള്ളണം. ഇപ്രകാരമുള്ള ഭക്തിമുറകളെ അനുസരിക്കുന്നതിൽ സ്ഥിരതയുള്ളവരാകുന്ന പക്ഷം ഈ പിതാവു് മരണസമയത്തു നമ്മേ സഹായിക്കുയും നിത്യഭാഗ്യത്തിലേക്കു കൊണ്ടുപോകയും ചെയ്യും. ഞാൻ പറയുന്നതിൽ വിശ്വാസം തോന്നുന്നില്ലാത്തവർ പരീക്ഷിച്ചുനോക്കട്ടെ.

ꟾ. ꟾ. ꟾ.

അമ്പതു നോമ്പിനെക്കുറിച്ചു്.

൧. നോമ്പിന്റെ ഉത്ഭവം. ൨, അതിന്റെ ആവശ്യകത. ൩, അതിന്റെ ഫലങ്ങൾ. ൪, ആചരിക്കേണ്ടും വിധം.

'Cum jejunasset quadraginta diebus et quadraginta noctibus, postea esuriit' 'ഈശോ നാല്പതു പകലും നാല്പതു രാത്രിയും ഉപവസിച്ചതിന്റെ ശേഷം വിശപ്പുള്ളവനായി.' വിശുദ്ധ മത്തായി ൪. ൨. ഏറ്റവും പുരാതനവും ആചരണീയവും ആയി മനുഷ്യർക്കു നൽകിയിരുന്ന നിയമം ഉപവാസവും വർജ്ജനവും ആയിരുന്നു. നമ്മുടെ ആദിപിതാക്കന്മാർ സൃഷ്ടിക്കപ്പെട്ട ക്ഷണത്തിൽതന്നെ പറുദീസായിലെ ഒരു വൃക്ഷത്തിന്റെ ഫലത്തെ വർജ്ജിക്കണമെന്നു അവരോടു ദൈവം കല്പിച്ചു. ഒരു വാത്സല്യമാതാവിന്റെ കരങ്ങളിലെന്നപോലെ ഉപവാസത്തിന്റെ കരങ്ങളിലേക്കു അവരെ ദൈവം ഏല്പിക്കുയും അ

മാതാവിന്റെ കല്പനയെ അവർ അനുസരിച്ചടത്തോളം കാലം അവർ സൃഷ്ടിക്കപ്പെട്ട അനുഗ്രഹസ്ഥിതിയിൽതന്നെ ജീവിക്കയും ചെയ്തു എന്നുവി. ക്രിസോസ്തോമോസ് സാക്ഷിക്കുന്നു. അവരുടെമേൽ ചുമത്തപ്പെട്ടിരുന്ന കല്പനയെ മിഥ്യാശകൽക്കു കിഴ്പ്പെട്ട ലംഘിക്കുന്നതുവരെ 'Pulvis es, in pulverum reverteris' 'മണ്ണായ നീ തിരിയെ മണ്ണിലൊടുങ്ങും' എന്ന ഭയങ്കരവിധി തങ്ങളുടെമേൽ തന്നെ അവർ വരുത്തിയില്ല. അവർ അവരുടെ ആദ്യ ശുദ്ധതയെ വകവയ്ക്കാതെ പ്രവൃത്തിച്ചപ്പോൾ മാത്രമെ, മോക്ഷവാതിൽ അവർക്കും അവരുടെ സന്താനങ്ങൾക്കും അടക്കപ്പെട്ടൊള്ളു. അവരുടെ അധഃപതനത്തിന്റെ ഏകകാരണവും നമ്മുടെ നാശത്തിന്റെ പ്രഥമകാരണവും വിരോധിക്കപ്പെട്ടിരുന്ന വലത്തെ അവർ ഭക്ഷിച്ചുവെന്നുള്ളതാണ്. അതിനാൽ ദൈവത്തിന്റെ മാഹാത്മ്യമേറിയ ബോധംമൂലം ഉപവാസം നമ്മുടെ രക്ഷയുടെയും വീണ്ടെടുപ്പിന്റെയും ഭാഗ്യപ്പെട്ട വഴിയായിതീർന്നു. എന്തുകൊണ്ടെന്നാൽ, ആദം തന്റെ അഗ്രഹത്തെ തൃപ്തിപ്പെടുത്തിയതുമൂലം, തന്റെ സന്താനങ്ങളെ ദീർഘകാലത്തേക്ക എങ്ങനെ ദുരിതങ്ങളിലും സങ്കടങ്ങളിലും ഉൾപ്പെടുത്തിയൊ അപ്രകാരംതന്നെ പാപപരിഹാരത്തിന്നടുത്ത സല്കർമ്മങ്ങളാലും സ്വപരിത്യാഗത്താലും ആശയടക്കത്താലും, ഉപവാസമെന്ന പുണ്യം വഴിയായി ആദത്തിന്റെ പാപത്തെ പരിഹരിക്കുന്നതിനും, പാപത്തിന്റെ അധീനത്തിൽനിന്നു മനുഷ്യരെ രക്ഷിക്കുന്നതിനുമായി നമ്മുടെ കർത്താവീശോമ്ശിഹാ ലോകത്തിലേക്കു എഴുന്നെള്ളി. അദ്ദേഹത്തിന്റെ ജീവിതം നമുക്ക് ഒരു മാതൃകയായും, രക്തം നമ്മുടെ പാപങ്ങൾക്ക ഒരു പ്രതികാരമായും നൽകുന്നതിനും അദ്ദേഹം തിരുമനസ്സായി.

ആയതിനാൽ മ്ശിഹാ, യോർദ്ദാൻ നദിയുടെ സമീപത്തുള്ള ഒരു ഭയങ്കര വനത്തിൽ ഏകാകിയായി നാല്പതു രാത്രിയും നാല്പതു പകലും യാതൊരു ലൌകികസുഖവും കൂടാതെ വസിക്കയും ഇങ്ങനെ നമുക്കവേണ്ടിയുള്ള സങ്കടങ്ങളെയും ദീർഘമായ ഉപവാസത്തിന്റെ കഷ്ടതകളേയും സഹിക്കുന്നതിനു അദ്ദേഹത്തിന്റെ ശരീരത്തിനു സാധിക്കത്തക്കവണ്ണം അതിശയമായ വിധത്തിൽ അതിന്റെ ജീവനെ സംരക്ഷിച്ചുകൊണ്ടു പരിശുദ്ധമായ ആ ശരീരത്തെ പീഡിപ്പിക്കയും ചെയ്തിരുന്നു.

വിശുദ്ധ പള്ളിയുടെ ആരംഭകാലം മുതൽ, എല്ലാ കാലങ്ങളിലും, എല്ലാ രാജ്യങ്ങളിലും ഭക്തിപൂർവ്വം നാല്പതുദിവസത്തെ ഉപവാസം വിശ്വാസികൾ അനുസരിച്ചു പോരുന്നതു, നമ്മുടെ രക്ഷകന്റെ ഈ പ്രവൃത്തിയെ അനുകരിച്ചാണ്.

ഇതുക്രിസ്തീയവിശ്വാസത്തോടുകൂടിതന്നെ ആരംഭിക്കയും, പരമ്പരയായി സ്വീകരിക്കപ്പെടുകയും ചെയ്തുവെന്നു വി. ഈറാനിമോസു സാക്ഷിക്കുന്നു.

ഇത്രവളരെ മാഹാത്മ്യമുള്ള ഒരു സ്ഥാപനത്തെ എപ്രകാരമാണു നാമാചരിക്കേണ്ടതെന്നു, വിശ്വാസികൾ പയ്യാലോചിച്ചു തദനുസരണം പ്രവൃത്തിക്കേണ്ടതാണ്. (തുടരും.)

Fr. S P.

ദിവ്യകാരുണ്യമഹിമക്കൊള്ളൽ ദൈവവിളിയെ ഉളവാക്കുന്നു.

ഈശോ കുട്ടികളോടു സംസാരിക്കയും അവരുടെ പ്രായത്തെ കവിയുന്നതായ ദൈവശുശ്രൂഷക്കുള്ള സ്വാഭീയ ആകർഷണങ്ങളെ അവക്കു നൽകുകയും ചെയ്യുന്നതു മുഖ്യമായി അവരുടെ ആദ്യകുർബ്ബാന ഉൾക്കൊള്ളലിൽ വെച്ചാകുന്നു. ഇപ്രകാരമെങ്കിൽ ഈ വയസ്സുള്ള കുട്ടികളെക്കാൾ വയസ്സുപ്രായമുള്ള കുട്ടികൾ സാധാരണയായി ഏറെറം ഹൃദയശുദ്ധിയുള്ളവരായിരിക്കയാൽ, ഇനി ആദ്യകുർബ്ബാന കൈക്കൊൾവാനിരിക്കുന്ന കുഞ്ഞുങ്ങളുടെ ശ്രദ്ധത്തിൽ ഈശോയുടെ വിളിയെ ഗ്രഹിക്കുന്നതിനും അനുസരിക്കുന്നതിനും ഏറെറം പ്രാപ്തരായി അനേകം കുട്ടികളുണ്ടായിരിക്കുമെന്നതിനു യാതൊരു സംശയവുമില്ല. ഇതിനെ

അനേകം വൈദികർ അവരുടെ ദിവ്യനാളത്തെ പരിജ്ഞാനത്തിന്റെ ഫലമായി സാക്ഷീകരിച്ചിട്ടുണ്ട്.

എം. ഗൊലിയോ എന്നദ്ദേഹം ഈയിടെ ഒരു വൈദിക സമ്മേളനത്തിൽ വച്ചു ഇപ്രകാരം പ്രസ്താവിക്കയുണ്ടായി. "ഈയാണ്ടു വൈദിക അന്തസ്സിനെ ആശ്രഹിച്ചു പ്രാരംഭ സെമിനാരിയിൽ ചേർന്ന കുട്ടികളുടെ ഇടയിൽ അവരുടെ ദൈവവിളിയെ സംബന്ധിച്ചിടത്തോളം വിശുദ്ധ കുർബ്ബാന എത്രമാത്രം ഫലപ്രദമായിരുന്നു എന്നുള്ള സംഗതി ഒന്നു പരിശോധിക്കുന്നതിനു എനിക്കൊരു ആഗ്രഹം തോന്നി. പുതുതായി ചേർന്ന മുപ്പതു വിദ്യാർത്ഥികളിൽ ഒരാൾ മാത്രമെ വിശുദ്ധ കുർബ്ബാന ഉൽക്കൊള്ളുന്നതിൽ അമാന്തക്കാരനായിരുന്നൊള്ളു എന്നു എനിക്കു ബോദ്ധ്യമായി. ആയതുകൊണ്ടു ഈ കുട്ടികളിൽ മിക്കപേരുടേയും ദൈവവിളിക്കു കാരണം ദിവ്യകാരുണ്യസ്വീകരണം ആണെന്നുള്ളതിനു ഒരു സന്ദേഹവും എനിക്കില്ല".

ദെൽബ്രെൽ എന്ന വന്ദ്യഗുരു ഇപ്രകാരം എഴുതിയിരിക്കുന്നു. "ഫ്രൻവ—ൽ ഒരു യുവാവു ഒരു മുഴുവൻധ്യാനം കഴിക്കുന്നതിനായി വന്നു. അവനു ദൈവവിളിയെപ്പറ്റി യാതൊരുവിചാരവും ഉണ്ടായിരുന്നില്ല. എങ്കിലും അവൻ ക്രമേണ വിശുദ്ധകുർബ്ബാന ഉൽക്കൊള്ളുന്നതായി ഞാൻകണ്ടു. പിന്നീടു ഒരു വർഷത്തേക്കു അവനാവട്ടെ അവനോടു പരിചയമുണ്ടായിരുന്ന പട്ടക്കാരാവട്ടെ, അവനു വൈദികാന്തസ്സിനുള്ള വിളിയുണ്ടായിരുന്നു എന്നു സ്വപ്നേപി വിചാരിച്ചിരുന്നില്ല. എങ്കിലും സാഹചര്യജീവിതത്തിന്റെ ഒരു പ്രാരംഭം അവന്റെ ഉള്ളിൽ ക്രമേണ ചിന്തപ്പെട്ടിരുന്നു. ഏറെ താമസിയാതെ ആഗ്രഹത്തിൽ മൂന്നു പ്രാവശ്യം വിശുദ്ധ കുർബ്ബാന ഉൽക്കൊള്ളുന്നതു അവനു പോരാതിരുന്നായി. ദിവസംതോറും ദിവ്യകാരുണ്യം ഉൽക്കൊണ്ടു തുടങ്ങി. ഇതു അവനെ വൈദിക വിദ്യാലയത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതിനു ഹേതുവായി തീരുകയുംചെയ്തു. പിറേറാണ്ടുവാരത്തിൽ ഒരിക്കൽ ശുദ്ധ കുർബ്ബാന കൈക്കൊണ്ടിരുന്ന വേറൊരുകുട്ടി, ഒരു മുഴുവൻ ധ്യാനം കഴിഞ്ഞപ്പോൾ, വാരത്തിൽ എല്ലാദിവസവും ദിവ്യകാരുണ്യം ഉൽക്കൊള്ളുവാൻ തുടങ്ങി. ഒരു വർഷം കഴിഞ്ഞപ്പോൾ അവന്റെ ചിന്തയെല്ലാം വൈദികാന്തസ്സിന്മേൽ ആവുകയും ഫൻഫാ ഒക്ടോബർ മാസത്തിൽ ഈ രണ്ടു ബാലവിദ്യാർത്ഥികളും സെമിനാരിയിൽ ക്രട്ടുകയുംചെയ്തു ഇതാ ദൃഷ്ടാന്തം! പ്രസ്തുത വൈദിക വിദ്യാർത്ഥികളിൽ ഒരുവൻ പോയ കൊല്ലം, ഉയിർപ്പിന്റെ ആശ്വാസനാളുകൾ സ്വന്തവീട്ടിൽ തന്നെ കഴിച്ചു. അവിടെ ഓരോവേലയേയുംതൊഴിലിനേയുംകുറിച്ചു അവിടെയുള്ളവരുമായി സംസാരിച്ചിരുന്നു. ഒരു ദിവസം ഏഴു വയസ്സു മാത്രം പ്രായമുള്ള അയാളുടെ ഇളയ അനുജനെ, പിതാവിന്റെ ആയുധങ്ങളും പണിക്കോപ്പുകളും കാണിച്ചുകൊണ്ടു "കുഞ്ഞേ! ഇവയെല്ലാം ഒരിക്കൽ നിന്റെ ആയുധങ്ങൾ ആയിരിക്കുമല്ലൊ" എന്നുപറഞ്ഞു. അതിനു "ഇല്ല, ഇല്ല, എന്റെ ആയുധം തിരുഓസ്തി ആയിരിക്കും" എന്നു ആ കുട്ടി ഉടനെ ഉത്തരം പറഞ്ഞു. സാക്ഷാൽ, ഈ ഉത്തരത്തിന്റെ സാരം മുഴുവനും ആ കുട്ടി ഗ്രഹിച്ചില്ലെങ്കിലും, ഉന്നതമായ ദൈവശാസ്ത്രം ഇതിൽ അടങ്ങിട്ടുള്ളതാണെന്നു വായനക്കാർക്കു ഗ്രഹിക്കാമല്ലൊ. എന്തെന്നാൽ അത്മാവുകളുടെ വിശുദ്ധീകരണത്തിനായി വേല ചെയ്യുന്ന പട്ടക്കാരുടെ കൈയ്യിൽ ദൈവം കൊടുക്കുന്ന ജ്ഞാനായുധങ്ങളിൽ വെച്ചു വിശുദ്ധ ഓസ്തിയെപ്പോലെ ശക്തിമത്തായിട്ടുള്ളതു എന്തായിരിക്കുന്നു! വേറൊരു വൈദികാദ്ധ്യാപകൻ താഴെ കാണും പ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "കഴിഞ്ഞ ഉയർപ്പു തിരുനാളിനു രണ്ടാഴ്ചയ്ക്കു മുമ്പു ഒരു ദിവസം ഏതാനും ചെറിയ കുട്ടികളോടു, നമ്മുടെ ദിവ്യ ഈശോയെ മനുഷ്യർ ഇത്ര കുറച്ചു മാത്രം സ്നേഹിക്കയും, ഇത്ര അധികം അങ്ങേ ഉപദ്രവിക്കയും മറന്നുകളകയും ചെയ്യുന്നതിനെപ്പറ്റി എന്റെ അതിയായ ദുഃഖം അറിയിച്ചുകൊണ്ടു, ഇത്ര വലിയ നന്ദികേടിനു എന്തു പരിഹാരം ചെയ്യാൻ നമുക്കു കഴിയുമെന്നു അവരോടു ചോദിച്ചു. അതിനു അവർ സകല ആത്മാവുകളും പ്ര

ത്തേകം കുട്ടികളുടെ ആത്മാവുകളും ഈ ശോയെ അറിഞ്ഞു സ്നേഹിക്കുന്നതിനും വിശുദ്ധ കുമ്പായിൽ അങ്ങേ ഉൾക്കൊള്ളുന്നതിനും ഇടവരുത്തേണമെന്നു പ. കന്യാസ്ത്രീമാതാവിനോടു തങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കുന്നതാണെന്നു ഒരു നിശ്ചയം ചെയ്തു. അനന്തരം, വിശ്രമസമയങ്ങളിലും ക്ലാസു കഴിഞ്ഞിട്ടുള്ള നേരങ്ങളിലും പത്തും, പതിനഞ്ചും ചിലപ്പോൾ അതിലധികവും കുട്ടികൾ ഒന്നായി ചേർന്നു ദിവസത്തിൽ മൂന്നും നാലും പ്രാവശ്യം എന്റെ മുറിയിൽ വന്നു, അവിടെ പുഷ്പങ്ങളാലും ദീപങ്ങളാലും അലങ്കരിക്കപ്പെട്ടിരുന്ന മാതാവിന്റെ ഒരു സചിത്രപത്തിന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്നു. എന്നാൽ അവരുടെ പ്രാർത്ഥന, കൊന്തയുടെ ഒരു രഹസ്യവും മൂന്നു പ്രാവശ്യം പരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ നാഥയെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ! ഈശോ കർത്താവെ! അങ്ങേ പള്ളിക്കു പട്ടക്കാരെ നൽകേണമെ! എന്നീ സുകൃതജപങ്ങളും ചൊല്ലുന്നതു മാത്രമായിരുന്നു. അവർ ഈഭക്തികൃത്യം നിറവേറുന്നസമയംഎന്റെ ജോലിനിമിത്തം മിക്കപ്പോഴും അവരോടുകൂടെ ഞാനുണ്ടായിരിക്കയില്ല, എങ്കിലും അവർ എല്ലാംനല്ലവണ്ണംചെയ്തിരുന്നു. ഇതു എത്ര നാളത്തേക്കു നിലനിൽക്കുമെന്നു എനിക്കറിഞ്ഞുകൂടാ. എങ്കിലും ഇപ്പോൾ അതുകൊണ്ടു ദൈവത്തിനു വലിയ സ്തുതി ഉളവാകുന്നുണ്ടെന്നുഞാൻകാണുന്നു. ആറും,ഏഴും, എട്ടും വയസ്സുപ്രായമുള്ള ഈ കുഞ്ഞുങ്ങളുടെ ദൃഷ്ടാന്തം ഒമ്പതും, പത്തും, പതിനൊന്നും വയസ്സുള്ളവരെക്കൂടി ഇതിലേക്കു ആകർഷിച്ചിട്ടുണ്ട്. ഇവരുടെ സംഖ്യ ദിവസേന വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. "ഏറ്റവും ആശ്ചര്യകരവും അനുകരണീയവുമായ ഈ സംഭവത്തിന്റെ കാരണം, ഈ കുട്ടികളുടെ ഉപാദ്ധ്യായൻ വിശുദ്ധ കുമ്പായനുടെ ഒരു മഹാ ഭക്തനാണെന്നുള്ളതു മാത്രമാണ്. ഈ കുഞ്ഞുങ്ങളിൽ പലരും ആഴ്ചയിൽ പല പ്രാവശ്യവും ചിലർ അനുദിനവും ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നവരാണ്. ഇവർ ഇപ്പോഴെ ഗ്ലീഹന്മാരായിരിക്കയാണ്. പ്രിയ വായനക്കാരെ! നമുക്കും ഇതു ചെയ്യാൻ കഴികയില്ലയോ?

ക. ഫ്രാ. ഫ.

വിശുദ്ധ കുമ്പായവും ശുദ്ധീകാരാത്മാവുകളും.

ശുദ്ധീകാരാത്മാവുകളുടെ ആശ്വാസത്തിനായി നമുക്കു കാഴ്ചവെപ്പാൻ പാടുള്ള എല്ലാ പുണ്യപ്രവൃത്തികളിലും വച്ചു, എതൃയും ശ്രേഷ്ഠമായുള്ളതും പ്രയോജനകരമായതും വിശുദ്ധ കുമ്പായയുടെ അർപ്പണവും വിശുദ്ധ കുമ്പായയുടെ സ്വീകരണവും ആകുന്നു.

വിശുദ്ധ കുമ്പായയുടെ സ്വീകരണത്തിൽനിന്നുളവാകുന്നഎതൃയും വിലയേറിയതും രക്ഷകട്ടെത്തതും ആയ ഫലങ്ങളെപ്പറ്റി ആർക്കാണു സംശയമുള്ളത്? നമ്മുടെ ദിവ്യരക്ഷകൻ അങ്ങേ കല്പനകളെ നിറവേറുന്നവരോടു ഇപ്രകാരം അരുൾചെയ്യുന്നു.

[illegible]

"ഞാൻ നിങ്ങളെ ദാസർ എന്നു ഇനി വിളിക്കുന്നില്ല. പിന്നെയോ എന്റെ സ്നേഹിതന്മാരെന്നു ഞാൻ നിങ്ങളെ വിളിച്ചിരിക്കുന്നു." യോഹന്നാൻ, ഫ. ഫ.

അപ്രകാരം, കുറവില്ലായ്മ എന്ന വിശിഷ്ട വസ്ത്രംകൊണ്ടു അലങ്കരിക്കപ്പെട്ട, ദൈവസ്നേഹം എന്ന തീയാൽ എരിഞ്ഞിരിക്കുന്ന ഒരാത്മാവു, ഈശോയുടെ കരങ്ങളിലേക്കു പറന്നുചെന്നു, അതിന്റെ ക്ലേശങ്ങളൊക്കയും അങ്ങേ തിരുമുമ്പിൽ മനോവിശ്വാസത്തോടെ ബോധിപ്പിക്കുകയും അതിനെ മുഴുവനും ഈ സ്നേഹരക്ഷകനു സമർപ്പിക്കുകയും ചെയ്യുമ്പോൾ, അവിടുന്നു ഈയാത്മാവിന്റെ അപേക്ഷയെ തള്ളിക്കളയുമോ? അല്ലെങ്കിൽ അതിനു ഏതു മനോഹരണം കൊടുക്കാതിരിക്കും? അല്ലെങ്കിൽ അങ്ങേ നെഞ്ചിൽനിന്നു ചൊരിയുന്ന ചൂടുള്ള വെള്ള

ത്താൽ ബെസ്സക്കാനായിലെ ഏതു ചങ്ങലയാണ പൊട്ടിപ്പോകാത്തത്? ഇപ്രകാരം തീണ്ണതയേറിയ ഒരു അപേക്ഷയ്ക്കു ഒരു സാധാരണ സ്നേഹിതൻ പോലും ഇളകിപ്പോകും. ആ സ്ഥിതിക്കു, നമ്മുടെ ഉത്തമ സ്നേഹിതനെന്നു തന്നെക്കുറിച്ചു സാക്ഷിച്ചിരിക്കുന്ന നമ്മുടെ ദൈവമായ ഈശോ എത്രയോ അധികമായ സ്നേഹവും കരുണയും കാണിക്കും? വിശുദ്ധ പൌലോസ് (ഗാലത്യർക്കു, ൨.൨൦.) പറയുന്നതായത്:

ZWJ : ZWJ ZWJ ZWJ ZWJ ZWJ ZWJ ZWJ ZWJ ZWJ ZWJ

"ഇനി ജീവിക്കുന്നതു ഞാനല്ല, മിശിഹായാണു എന്നിൽ ജീവിക്കുന്നത്." പിതാവിന്റെ കോപത്തെ ശമിപ്പിക്കുന്നതിനായി, പ്രസ്തുത ആത്മാവിൽ അപേക്ഷിക്കുന്നതു ഈശോമിശിഹാ ആകുന്നു. അങ്ങേ ഉൾക്കൊള്ളുന്ന ഒരു ഹൃദയത്തിൽ "അവസ്സനിയങ്ങളായ നെടുവീപ്പുകളോടുകൂടി" പ്രാർത്ഥിക്കുന്നതു അങ്ങനെ തന്നെ ആകുന്നു. അപ്പോഴോ, വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുന്നതിന്റെ ഫലം എത്രയോ വലുതായിരിക്കുന്നു!

ശാസ്ത്രിയും പുണ്യവാനുമായ ളയീസ് ദെസ്ലോവാ എന്ന ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു: "മരിച്ചുപോയ ഒരാളിന്റെ ആത്മാവു ഒരു ദിവസം, തീജ്വാലകളാൽ ചുറ്റപ്പെട്ടപ്രകാരം ഒരു ദൈവശുശ്രൂഷിക്കു പ്രത്യക്ഷയായി, അതു ശുദ്ധീകാരസ്ഥലത്തിൽ എത്രയും ഉഗ്രമായ വിധത്തിൽ പീഡിപ്പിക്കപ്പെടുന്നു എന്നും അതിനു കാരണം ഇഹലോകത്തിൽ വച്ചു ശുദ്ധ കുർബ്ബാന ഉൾക്കൊണ്ടിരുന്നപ്പോൾ തന്നിലുണ്ടായിരുന്ന ഭക്തിക്കുറവും മന്ദതയും ആണെന്നും അദ്ദേഹം അതിനു വേണ്ടി ഒരു കുർബ്ബാന ചൊല്ലിക്കൊള്ളുപ്പാട്ട കാഴ്ചവെക്കുന്നതായാൽ, അതിന്റെ വേദനകളൊക്കയും തൽക്ഷണം തീർന്നു സ്വാതന്ത്ര്യംസിദ്ധിക്കുമെന്നും അറിവിച്ചു. ആ പുണ്യപ്പെട്ട ദേഹം ആ സാധുവായ ആത്മാവിന്റെ സ്ഥിതിയെക്കുറിച്ചു കരുണപൂണ്ടു അതിന്റെ ആഗ്രഹംപോലെ വിശുദ്ധ കുർബ്ബാന ഉൾക്കൊണ്ടു കാഴ്ചവെച്ചു. പിറെറന്നാൾ കാലത്തു ആ ആത്മാവു ആനന്ദപ്രകാശംവീശിക്കൊണ്ടു അദ്ദേഹത്തിനു കാണപ്പെട്ടകയും അദ്ദേഹത്തെക്കുറിച്ചു് എല്ലായ്പോഴും ദൈവത്തോടു പ്രാർത്ഥിക്കുമെന്നു വാഗ്ദത്തം ചെയ്തുയും ചെയ്തശേഷം മോക്ഷത്തിലേക്കു പോയി.

വിശുദ്ധ മഗ്ദലേനാ ദെപ്പാസിയുടെ സഹോദരൻ, അയാളുടെ മരണശേഷം ആ പുണ്യവതിക്കു പ്രത്യക്ഷനായി, താൻ ബെസ്സക്കാനായിൽ നിന്നു രക്ഷപെട്ടന്നതിനു അവൾ എത്രെ പ്രാവശ്യം വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുവാൻ ആവശ്യമാണെന്നു അറിയിച്ചു അതിൻപ്രകാരം അതുപോലെയും പ്രാവശ്യം അവൾ കുർബ്ബാന കൈക്കൊള്ളുകയും അയാത്മാവുടനെ ആശ്വാസം പ്രാപിക്കയും ഏതുയും വേഗത്തിൽ ശുദ്ധീകാരസ്ഥലത്തു നിന്നു വിടുതലാകയുംചെയ്തു. ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതുകൊണ്ടു ഇത്ര വലുതായ ഫലം ഉളവാകുന്നെങ്കിൽ, പട്ടക്കാരൻ പരിഹാരബലിയായ ദിവ്യചെമ്മരിയാട്ടിൻകുട്ടിയെ കൈയ്യിൽ എടുത്തുകൊണ്ടു, കുരിശിന്റെ ബലിയെ അൾത്താരയിൽ അവർത്തിച്ചു ചെയ്യുന്ന വിശുദ്ധ കുർബ്ബാന എന്ന പൂജയുടെ ഫലം എന്തായിരിക്കും! എന്നാൽ ദിവ്യപൂജയുടെ ഫലം, അതിനെ ചെയ്യുന്ന പട്ടക്കാരന്റെ പുണ്യയോഗ്യതയെയാവട്ടെ, അതിനെ ചെയ്യിക്കുന്ന ആളിന്റെപുണ്യയോഗ്യതയെയാവട്ടെ ആശ്രയിക്കുന്നില്ല. ഈശോമിശിഹാ ഒരിക്കൽ ഗാഗുൽത്താമലയിൽ വെച്ചു, തന്റെ തിരുമുറിവുകളെയും, പരുപ്പാടുകളെയും തിരുരക്തത്തെയും കാഴ്ചയണച്ചതുപോലെ, ഇന്നും ബലിപീഠത്തിൽ, പട്ടക്കാരന്റെ കരങ്ങളാൽതന്നെ മുഴുവനും ദൈവപിതാവിനു കാഴ്ചവെക്കയാണ് ചെയ്യുന്നതു്. ഈ പൂജയിൽ സമർപ്പിക്കപ്പെട്ടകയും പൂജിക്കപ്പെട്ടകയും ചെയ്യുന്ന ബലിവസ്തു, ദൈവം തന്നെ ആകുന്നു. ആയതുകൊണ്ടു, അതു് അളതിയില്ലാത്ത യോഗ്യതയും വിലയും ഉള്ള ഒരു ദിവ്യപൂജയാകുന്നു.

ഒരു വലിയ കപ്പലിന്റെ നേതാവിനെപ്പറ്റി ഒരു വൃത്താന്തം കേട്ടിട്ടുണ്ടു്. അയാൾ ഒരിക്കൽ കപ്പലോടിച്ചു പോകുമ്പോൾ ഭയങ്കരമായ ഒരു കൊടുങ്കാറ്റിളകി, കടൽ കോപിച്ചു, കപ്പൽ മുങ്ങിപ്പോകു

മെന്നുള്ള അന്ത്യാവകടത്തിലായി. അപ്പോൾ, അയാൾ കൂപ്പലിലുണ്ടായിരുന്ന ഒരു സ്ത്രീയുടെ കയ്യിൽ നിന്നു അവളുടെ കുഞ്ഞിനെ എടുത്തു ആകാശത്തിന്റെ നേരെ പൊക്കിപ്പിടിച്ചുകൊണ്ടു, ആ അപകടത്തിൽ നിന്നു തങ്ങളെ രക്ഷിക്കേണമെന്നു ഏരിവോടെ പ്രാർത്ഥിച്ചു. ഓ! അത്ഭുതം! തൽക്ഷണം കടൽ സമാധാനമാകയും ആപത്തു നീങ്ങുകയും ചെയ്തു!! ഒരു സാധാരണ കുട്ടിയുടെ കുറമില്ലായ്മയ്ക്കു ദൈവഹൃദയത്തിൽ പക്കൽ ഇത്ര ശക്തിയുണ്ടായെങ്കിൽ, ദൈവപുത്രന്റെ അറ്റമില്ലാത്ത പരിശുദ്ധത്വം, അനന്തമായ കുറമില്ലായ്മയ്ക്കും എത്രമാത്രം ശക്തിയുണ്ടായിരിക്കും? ഇതിനാൽ, ഈശോമിശിഹായുടെ പങ്കുപാടിനു ലോകം മുഴുവനേയും വിണ്ടുകൊൾവാൻ മതിയായ ശക്തിയുണ്ടായിരിക്കുന്നതുപോലെ, അതിനെ രക്ഷിക്കുന്നതിനു ഒരു ദിവ്യപൂജയ്ക്കും മതിയായ ശക്തിയുണ്ടായിരിക്കുന്നു എന്നാണ് വിശുദ്ധ വേദപാരഗന്മാർ പഠിപ്പിക്കുന്നതു്.

ഫാദർ .ഇ.പ

വി. തോമ്മാ മല്പാൻ.

(തിരുനാൾ മാർച്ചു് ൧—നു-.)

൧൯—ാം ശതാബ്ദത്തിൽ തിരുസഭയ്ക്കു് പല വിധത്തിലുള്ള അനർത്ഥങ്ങൾ വന്നു ഭവിച്ചു. പഠനാഗ്രഹം നിമിത്തം അനേകായിരം വിദ്യാർത്ഥികൾ, അവിശ്വാസികളാൽ നടത്തപ്പെട്ടുന്ന സർവ്വകലാശാലകളിൽ തിക്കിക്കൂടിയിരുന്നു. അക്കാലത്തെ ഏറ്റവും പ്രസിദ്ധപ്പെട്ട തത്വശാസ്ത്രജ്ഞൻ ഒരു പതിതൻ ആയിരുന്നുവെന്നു പറഞ്ഞാൽ കാര്യസാരമെല്ലാവർത്തിൽ മനസ്സിലാകുമല്ലോ. "അറിസ്റ്റോട്ടിൽ വലിയ തത്വജ്ഞാനിയായിരുന്നുവെങ്കിലും അദ്ദേഹവും വേദപുസ്തകവും തമ്മിൽ പല സംഗതികളിലും വ്യത്യസപ്പെട്ടിരുന്നു" എന്നു ലക്കോർഡേയർ പറയുന്നു. വേദപുസ്തക വ്യാഖ്യാനം ശരിയായ വിധത്തിൽ നിർവ്വഹിക്കുന്നതിനു വിദഗ്ധന്മാരായ ഉപദേഷ്ടാക്കന്മാർ ഇല്ലാതിരുന്നതിനാൽ പലരും വിശ്വാസവിഷയത്തിൽ തെറ്റിപ്പോയിരുന്നു. ഇപ്രകാരം വിജ്ഞന്മാർ ഭിന്നാഭിപ്രായക്കാരായിരുന്ന കാലത്താണ്, കത്തോലിക്കതത്വശാസ്ത്രത്തിന്റെ അത്യുത്തി നിർണ്ണയിക്കുന്നതിനായി ദൈവം വി. തോമ്മാ മല്പാനേ ലോകത്തിലേക്കു് യാത്രയാക്കിയതു്.

ഈ മഹാത്മാവു് അക്വിനൊ പവ്വത്തിൽ മെൽഫി നദിക്കടുത്തുള്ള റോക്കാസേക്കാ എന്ന കോട്ടയിൽ ൧൨൨൬-ാം വർഷം ജാതനായി. അകിനൊ എന്ന ചെറിയ പട്ടണം അതിനു് സമീപമായിരുന്നതിനാൽ അകിനാസ് എന്ന ഉപനാമം അദ്ദേഹത്തിനു് സിദ്ധിച്ചു. അദ്ദേഹത്തിന്റെ പിതാവു് ഫ്രഡറിക്ക് ബർബോസാ എന്ന ചക്രവർത്തിയുടെ മരുമകനും മാതാവു് സിസിലിയെ ആക്രമിച്ചു് സ്വാധീനമാക്കിയിരുന്ന നോർമൻ പ്രഭുക്കളുടെ വംശത്തിൽ ഉൽഭൂതയായ വള്ളം ആയിരുന്നു. കുടുംബപാരമ്പര്യം നിമിത്തം അദ്ദേഹത്തിനു് മഹാനായ വി. ഗ്രീഗോരിയോസ് പാപ്പായോടും, ഫ്രാൻസിലെ വി. ലൂയീസു രാജാവിനോടും കസ്തീല്യയിലെ വി. ഫെർഡിനാൻഡിനോടും രക്തസംബന്ധം ഉണ്ടായിരുന്നു. ഇപ്രകാരം ഉയർന്ന ഗോത്രത്തിൽ ജനിച്ച വി തോമസിന്റെ ഭവിഷ്യാവസ്ഥകളെ അദ്ദേഹത്തിന്റെ മാതാവായ തെയോദറാ പ്രഭ്വിയോടു് ബോനഡ് എന്നൊരു തപോധനൻ പ്രവചിച്ചിട്ടുണ്ടായിരുന്നു എന്നു മാത്രമല്ല ദൈവത്തിനു് ഈ മഹാത്മാവിന്റെ നേരെ ഉണ്ടായിരുന്ന പ്രത്യേക സൂക്ഷത്തെ ഒരത്ഭുതം വഴിയായി കാട്ടുകയും ചെയ്തു. വി. തോമസിന്റെ ശൈശവാവസ്ഥയിൽ അദ്ദേഹത്തിന്റെ വാസസ്ഥാനമായിരുന്ന റോക്കാസേക്കാ എന്ന കോട്ടയിൽ ഒരിടിവെട്ടുകയും തന്നിമിത്തം തന്റെ വളർത്തമ്മയും പ്രിയ സഹോദരിയും ചരമഗതി പ്രാപിക്കയും ചെയ്തു എങ്കിലും മറ്റുള്ളവർ ചെന്നു നോക്കുമ്പോൾ നമ്മുടെ തോമസ് സുഖമായി നിദ്രചെയ്യുന്നതു കണ്ടു് ആശ്ചര്യഭരിതരായിപ്പോയി. പിന്നീടു് തന്റെ ജീവിതകാലത്തിൽ തനിക്കു് ഇ

ടിയോടുണ്ടായിരുന്ന ഉഗ്ര ഭയം നിമിത്തം അതിന്റെ നാദം കേൾക്കുമ്പോൾ തന്നെ ഏതെങ്കിലും ദേവാലയത്തിൽ പ്രവേശിച്ചു് തന്റെ തലയെ സക്രാരിയിൽ ചാരിക്കൊണ്ടു് അവിടെ ഭയരഹിതനായിരിക്കപതിവായിരുന്നു. അതിനാൽ ഇടിയിൽ നിന്നും പെട്ടെന്നുള്ള മരണത്തിൽ നിന്നും രക്ഷപെടുവാനുള്ള നമ്മുടെ അപേക്ഷകളെ ദൈവ തിരുസിംഹാസനത്തിങ്കൽ സമർപ്പിക്കുന്നതിനുള്ള പ്രത്യേക ആളായി ദൈവം ഈ മഹാത്മാവിനെ നിയമിച്ചിരിക്കുന്നതായി വിചാരിക്കാം. ഒരു പ്രശസ്തൻ ഈ വിശുദ്ധന്റെ സചിത്രപവും മുപ്രശസ്തൻ 'കുരിശു് എനിക്കു നിശ്ചയമുള്ള രക്ഷ, കുരിശിനെയാണു ഞാൻ സദാ വണങ്ങുന്നതു്, കർത്താവിന്റെ കുരിശു എന്നോടുകൂടെ, കുരിശു് എനിക്കു് സങ്കേതം' എന്നർത്ഥമുള്ള ലത്തീൻ പദങ്ങളും കൊത്തപ്പെട്ടിരിക്കുന്ന കുരിശുരൂപങ്ങൾ, ഇടിഭയത്തിൽ നിന്നു് രക്ഷപെടുവാൻവേണ്ടി അനുഗ്രഹിച്ചു് കഴുത്തിൽ ധരിക്കപതിവാണു്.

വി. തോമസിനു് സംസാരശക്തി ഉണ്ടായ ശേഷം അദ്ദേഹം പ്രഥമത ഉച്ചരിച്ച പദങ്ങൾ 'നന്മനിറഞ്ഞ മറിയമെ!' എന്നായിരുന്നു വായിക്കാൻ പ്രയാസമാകുന്നതിനു മുമ്പും പിമ്പും ഒരു പുസ്തകത്തെക്കാൾ സന്തോഷജനകമായിയാതൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല.

അഞ്ചു വയസ്സു മാത്രം പ്രായമായിരിക്കുമ്പോൾ റോക്കാസെക്കായിക്കടുത്തുള്ള മോന്തെ കസ്സീനോയിലെ ബെനഡീക്തോസ് സന്യാസികളുടെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ വിദ്യാഭ്യാസം ആരംഭിച്ചു. ആ സന്യാസികൾക്കു് തോമസിന്റെ ശാന്തസ്വഭാവവും ജപധ്യാനത്തിലുള്ള അത്യാസക്തിയും താമസംവിനാ മനസ്സിലായി. അദ്ദേഹത്തിന്റെ മാധുര്യസ്വഭാവവും പരസ്പരസഹായത്തിലുള്ള സിമാതീതമായ തല്പരതയും നിമിത്തം മറ്റു കുട്ടികൾക്കു് അദ്ദേഹത്തോടു് വളരെ ഇഷ്ടമായിരുന്നു, എങ്കിലും അവരുടെ കളിവിനോദങ്ങളിൽ അദ്ദേഹം ഏർപ്പെട്ടിരുന്നില്ല. ഒരു ദിവസം മറ്റുള്ള കുട്ടികൾ എല്ലാം കളിച്ചുകൊണ്ടിരിക്കുമ്പോൾ തോമസ് വിചാരത്തിൽ മഗ്നനായിരിക്കുന്നതു് കണ്ടു് റെക്ടറിന്റെ ചോദ്യത്തിനുത്തരമായി "ദൈവം എന്തെന്നു് എന്നോടു പറയുക" എന്നു് ആ ബാലൻ ഉച്ചരിച്ചപ്പോൾ ആ ചെറുകുട്ടിയുടെ ഹൃദയം മുഴുവനും ദൈവത്തങ്കൽ സമർപ്പിച്ചിരിക്കയാണെന്നു് ആ ഗുരുവിനു് തൽക്ഷണം മനസ്സിലായി.

പത്താം വയസ്സിൽ തോമസ്സിന്റെ വിദ്യാഭ്യാസത്തിലുണ്ടായ അഭിവൃദ്ധിനിമിത്തം അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ നെപ്പിൾസിൽ പുതുതായി സ്ഥാപിക്കപ്പെട്ടിരുന്ന സർവ്വകലാശാലയിലേക്കു ആ ബാലനെ അയക്കുന്നതിനു നിശ്ചയിച്ചു. എന്നാൽ അപ്രകാരം ചെയ്യുന്നതിനു മുമ്പായി, പിന്നീ നസറേത്തിലെ തിരുവീട്ടിന്റെ സ്ഥാപനസ്ഥലമായി തെരഞ്ഞെടുക്കപ്പെട്ട ലോരേത്തിൽ അവർക്കുണ്ടായിരുന്ന ഒരു കോട്ടയിലേക്കു് അവർ അദ്ദേഹത്തെ അയക്കയാണു് ചെയ്തതു്. അവിടെ അക്കാലം ഒരു ക്ഷാമം ഉണ്ടാകയും, അപ്പോൾ നമ്മുടെ തോമസ് തന്റെ മാതാപിതാക്കന്മാർ പാവപ്പെട്ടവർക്കായി വച്ചിരുന്നവയെ വിഭജിച്ചു കൊടുക്കുന്നതിൽ ഏർപ്പെട്ടിരിക്കയും ചെയ്തു. തോമസ് ധർമ്മം ചെയ്തിരുന്നതു് അധികമാണെന്നു അദ്ദേഹത്തിന്റെ പിതാവിനോടു ഒരിക്കൽ ആ കോട്ടയിലെ വിചാരിപ്പുകാരൻ അറിവിച്ചു. ഒരു ദിവസം തോമസ് ധർമ്മം ചെയ്യുന്നതിനായി പോകുമ്പോൾ തന്റെ പിതാവുമായി മാർഗ്ഗമദ്ധ്യേ കൂടിക്കാണുന്നതിനിടയായി. അപ്പോളവന്റെ വസ്ത്രത്തിനിടയിൽ ഒളിച്ചുവച്ചിരുന്നതെന്താണെന്നു പിതാവു ചോദിക്കയിൽ തോമസ് ലവലേശം സന്ദേഹിക്കാതെ അവ താഴത്തു വീഴുന്നതിനനുവദിച്ചു. എന്നാൽ തൽസമയം സൌന്ദര്യമുള്ളവയും ഭംഗിയേറിയവയുമായ വിവിധ പുഷ്പങ്ങളാണു നിലത്തിൽ പതിച്ചതു്.

നേപ്പിൾസിലെ വാസത്തോടുകൂടി തോമസിന്റെ വിദ്യാവൈഭവം അതിശയമായ വിധത്തിൽ പ്രകാശിക്കുന്നതിനിടയായി. തന്നെ തന്റെ സഹപാഠികൾ അവരുടെ മാതൃകയായി തെരഞ്ഞെടുത്തിരുന്നതു് തന്റെ എളിമ

സ്സ് വളരെ സങ്കടമായിരുന്നെങ്കിലും തന്റെ മധുരഗുണവും ശാന്തസ്വഭാവവും നിമിത്തം അല്പംപോലും അസൂയപ്പെടാതെ എല്ലാവരോടും സ്നേഹമായി വർത്തിച്ചുവന്നു. തോമ്മസ് തിന്മകളിൽനിന്നൊഴിവാൻ സദാ പ്രയാസപ്പെട്ടിരുന്നതല്ലാതെ ആശ്വാസ സമയങ്ങളിൽ അധികഭാഗവും, നമസ്സാരങ്ങൾക്കും സൽപ്രവൃത്തികൾക്കുമായി വിനിയോഗിക്കും. അദ്ദേഹം പീഠത്തിന്റെ മുമ്പിൽ നമസ്സാരനിഷ്ഠയോടെ വർത്തിക്കുമ്പോൾ പലപ്പോഴും മുഖത്തിൽ നിന്നു ദൈവിക വെളിച്ചം പ്രകാശിക്കുന്നതായി കണ്ടിട്ടുണ്ട്. ഇപ്രകാരമുള്ള കാഴ്ച കാണുന്നതിനിടയായ വി. ജൂലിയന്റെ യോഹന്നാൻ എന്ന ദൊമിനിക്കു സന്യാസി ആ ബാലനോട്, "ദൈവം നിന്നെ ഞങ്ങളുടെ സഭക്കായി തന്നിരിക്കുന്നു" എന്നു പറഞ്ഞു. തോമസ് തൽക്ഷണം മുട്ടിന്മേൽ നിന്നുകൊണ്ടു പറഞ്ഞതായത്, "ഞാൻ ഈ ഭാഗ്യം ലഭിക്കുന്നതിനു ആശിച്ചിരുന്നു എങ്കിലും, അതിനു ഞാൻ അയോഗ്യൻ എന്നു വിചാരിച്ച് ശങ്കിച്ചിരുന്നു." അനന്തരം ആ സന്യാസികൾ ഈ ചെറുബാലനെ അവരുടെ സഭയിലേക്കു കൈക്കൊണ്ടു വി. ദോമിനിക്കോസിന്റെ വെള്ളവസ്ത്രം താമസംവിനാ അദ്ദേഹത്തെ ധരിപ്പിക്കയും ചെയ്തു. (തുടരും.)

Y. . 2

തിരുസഭാ ചരിത്രസംഗ്രഹം.

(൧൯൦൦ാംശതാബ്ദം മുതൽ ൧൯൫൦ാംസംവത്സരം വരെ.)

വിശുദ്ധ പത്രോസും, പൌലോസും.

(തുടർച്ച.)

ചോ. ശ്ലീഹന്മാർ യൂദയിൽ സുവിശേഷം അറിയിച്ചതിനു ശേഷം, എന്തു ചെയ്തു?

ഉ. യൂദയിൽ സുവിശേഷം അറിയിച്ചതിനുശേഷം, ശ്ലീഹന്മാർ ലോകമെങ്ങും പ്രസംഗിക്കുന്നതിനായി പുറപ്പെട്ടു.

ചോ. അപ്പോൾ വിശുദ്ധ പത്രോസ് എവിടേയ്ക്കാണ് പോയതു?

ഉ. വി. പത്രോസ് യൊപ്പേപട്ടണത്തിലേക്കു പോകുകയും അവിടെവച്ചു, ദൈവം അദ്ദേഹത്തിനു, അജ്ഞാനികളെ സുവിശേഷപ്പെടുത്തിനു കൈക്കൊള്ളേണ്ട കാലം അടുത്തിരിക്കുന്നു എന്നും, അയാൾ തിരുസഭയുടെ തലവൻ എന്ന നിലയിൽ, ഒന്നാമതായി അവരെ അതിൽ കയറ്റേണ്ടതാണെന്നും ഉള്ള സംഗതി വെളിപ്പെടുത്തുകയും ഉണ്ടായി.

ചോ. അജ്ഞാനികളിൽനിന്നു ആദ്യം മനസ്സു തിരിഞ്ഞതു ആരാണ്?

ഉ. അപ്പോൾ കേസറിയായിലുണ്ടായിരുന്ന റോമാ പട്ടാളത്തിന്റെ അധിപതിയായ കൊർണ്ണേലിയോസ് എന്നയാളാണ് അജ്ഞാനത്തിൽനിന്നു ഒന്നാമതായി മനസ്സു തിരിഞ്ഞതു്. ദൈവഭക്തിയുള്ളവനും വലിയ ധർമ്മിഷ്ഠനും ആയിരുന്ന ഇയാൾ വി. പത്രോസിനെ യൊപ്പേപട്ടണത്തിൽനിന്നും ആളയച്ചു വരുത്തി, അദ്ദേഹത്തിൽനിന്നു താനും കുടുംബം ആസകലവും ജ്ഞാനസ്നാനം കൈക്കൊണ്ടു.

ചോ. വിശുദ്ധ പത്രോസ് കേസറിയായിൽനിന്നു എവിടേയ്ക്കാണ് തിരിച്ചതു?

ഉ. കേസറിയായിൽനിന്നു പുറപ്പെട്ട സീറ്റ്യായുടെ തലസ്ഥാനമായ അന്ത്യോഖ്യായിൽവന്നു അവിടെ തന്റെ സിംഹാസനം സ്ഥാപിച്ചു. പിന്നീടു ആ സ്യായുടെ പല ഭാഗങ്ങളിലും സഞ്ചരിച്ചു പ്രസംഗിക്കയും ഒടുവിൽ റോമായിൽ വരികയും അവിടെവച്ചു മന്ത്രവാദിയായ ശെമഓനുമായി കണ്ടുമുട്ടുകയും വളരെപേരെ ക്രിസ്തീയ സഭയിൽ ചേർക്കയും ചെയ്തശേഷം വീണ്ടും കിഴക്കേദേശത്തേയ്ക്കു മടങ്ങിവന്നു.

ചോ. വിശുദ്ധ പത്രോസ് ഓർശ്ലമിൽ എന്തു ചെയ്തു?

ഉ. വിശുദ്ധ പത്രോസ് ഓർശ്ലമിൽ കൂടിയ ശ്ലീഹന്മാരുടെ സൂനഹദോസിൽ അദ്ധ്യക്ഷനായിരിക്കയും, അജ്ഞാനത്തിൽനിന്നും മനസ്സുതിരിഞ്ഞു വരുന്നവരുടെമേൽ മൂശയുടെ പ്രമാണത്തിലെ ചില നിബന്ധനകളെ ഇനിമേലെങ്ങും ആവശ്യമില്ലെന്നും മറ്റും, തീരുമാനിക്കയും ചെയ്തു.

ചോ. വിശുദ്ധ പത്രോസ് എത്ര ലേഖനങ്ങൾ എഴുതീട്ടുണ്ട്?

ഉ. വി. പത്രോസ് രണ്ടു ലേഖനങ്ങൾ എഴുതീട്ടുണ്ട്. അവയിൽ ഒരു പിതാവിന്റെ ദയയും, തിരുസഭാനേതാവിന്റെ മഹിമയും പ്രത്യക്ഷപ്പെട്ടുന്നു.

ചോ. ഈ ലേഖനങ്ങളിൽ അദ്ദേഹം ആരോടാണ് ഉപദേശിച്ചിരുന്നത്?

ഉ. ഈ ലേഖനങ്ങളിൽ അദ്ദേഹം ഉപദേശിച്ചിരുന്നതു്, റോമാസാമ്രാജ്യത്തിന്റെ നാനാഭാഗത്തും ചിതറിക്കിടന്നിരുന്ന സമസ്ത വിശ്വാസികളോടും ആയിരുന്നു.

ചോ. അതിന്റെശേഷം ഈ ശ്ലീഹാ എന്തുചെയ്തു?

ഉ. അതിന്റെശേഷം റോമാപട്ടണത്തിലേയ്ക്കു പിന്തിരിഞ്ഞു അവിടെവെച്ചു, തന്റെ കൂട്ടുകാരനായ വി. പൌലോസിനോടുകൂടി ക്രിസ്തുവിന്റെ സത്യ ജനനത്തിൽ ൬൫-ാംമത വേദത്തെപ്രതി കൊല്ലപ്പെട്ടു.

ചോ. വിശുദ്ധ പൌലോസ് ആരായിരുന്നു?

ഉ. വിശുദ്ധ പൌലോസ് സിലീച്യായിൽ താർസോസ് പട്ടണത്തിൽ, യഹൂദമാതാപിതാക്കന്മാരിൽനിന്നു ജാതനായ ആളായിരുന്നു. ആദ്യം ക്രിസ്ത്യാനികളെ വളരെ ഉപദ്രവിച്ചശേഷം മനസ്സുതിരിഞ്ഞു, മിശിഹായുടെ എത്രയും ശ്രേഷ്ഠനായുള്ള ഒരു ശ്ലീഹാ ആയി തീരുകയും സുവിശേഷം ആദ്യമായി, ദമാസ്കസ് പട്ടണത്തിൽ അറിയിക്കുകയും അവിടെ നിന്നു, യഹൂദന്മാരുടെ വിരോധം നിമിത്തം മറ്റു സ്ഥലത്തേക്കു പോകയും ചെയ്തു.

ചോ. ദമാസ്കസിൽനിന്നു വിശുദ്ധ പൌലോസ് എവിടെയ്ക്കാണ് പോയതു?

ഉ. വിശുദ്ധ പൌലോസ് ഓർശ്ലേമിൽചെന്നു വിശുദ്ധ പത്രോസിനെ കണ്ടതിന്റെശേഷം അന്ത്യോഖ്യായിൽപോയി. അവിടെ വിശുദ്ധ ബർന്നവായോടുകൂടെ അദ്ദേഹം വളരെപ്പേരെ സത്യവേദത്തിൽ കൂട്ടുകയും അവിടെവെച്ചു ഒന്നാമതായി വിശ്വാസികൾക്കു ക്രിസ്ത്യാനികളെന്നു നാമധേയം സിദ്ധിക്കുകയും ചെയ്തു.

ചോ. അതിന്റെശേഷം വിശുദ്ധ പൌലോസ് എന്താണ് ചെയ്തുത്?

ഉ. അതിന്റെശേഷം വി. പൌലോസ് സൈപ്രസ് ദ്വീപിലേക്കു പോയി, അവിടത്തെ ദേശാധിപതിയായ സെർജിയോസ് പൌലോസ് എന്നയാളെ മനസ്സുതിരിപ്പിക്കുകയും അതിന്റെ സ്മരണയ്ക്കായി, പൌലോസ് എന്ന നാമം സ്വീകരിക്കയും ഉണ്ടായി.

ചോ. വിശുദ്ധ പൌലോസ് പിന്നീടു ഏതു ദേശത്തേയ്ക്കാണ് പോയതു?

ഉ. പിന്നീടു, വിശുദ്ധ ശ്ലീഹാ, വിശുദ്ധ ബർന്നവായോടു ഒരുമിച്ചു, ചെറിയാസ്യായിൽക്കൂടി സഞ്ചരിച്ചു, ലീസ്ത്രാ എന്ന നഗരത്തിൽ വന്നു, അവിടെവെച്ചു ജനനത്താൽ മുടന്തനായ ഒരു മനുഷ്യനെ സ്വസ്ഥപ്പെടുത്തി. ഈ അത്ഭുതം കണ്ട തദ്ദേശവാസികളായ അജ്ഞാനികൾ ആ ശ്ലീഹന്മാർ രണ്ടുപേരും, ദേവന്മാരാണെന്നു കരുതി, അവക്കു ബലികൾ കഴിപ്പാൻ ഒരുമ്പെട്ടു.

ചോ. ഫിലിപ്പി എന്ന പട്ടണത്തിൽവച്ചു വിശുദ്ധ പൌലോസിനു എന്തു സംഭവിച്ചു?

ഉ. വിശുദ്ധ പൌലോസ് സീലാ എന്ന ശിഷ്യനോടുകൂടെ മച്ചെദോനിയായിലെ ഒരു പട്ടണമായ ഫിലിപ്പിയിൽ വരികയും, പിശാചാവസിച്ചിരുന്ന ഒരു യുവതിയെ അവന്റെ അധീനത്തിൽനിന്നു രക്ഷിക്കുകയും ചെയ്തു.

ചോ. അപ്പോൾ ആ ബാലികയുടെ യജമാനന്മാർ എന്തുചെയ്തു?

ഉ. ആ ബാലികയുടെ യജമാനന്മാർ അതിനെക്കുറിച്ചു ഏറ്റവും കോപാക്രാന്തന്മാരായിതീർന്നു. എന്തുകൊണ്ടെന്നാൽ അവൾ ഭാവിക്കാര്യങ്ങൾ പ്രവചിക്കുവാൻ കഴിയുമെന്നു നടിച്ചിരുന്നതുകൊണ്ടു, അവളുടെ ഉടമസ്ഥന്മാക്കു വളരെ പണം കിട്ടിവന്നിരുന്നു. തന്നിമിത്തം അവർ വിശുദ്ധ പൌലോസിനേയും സീലായേയും പിടിച്ചു വടികൊണ്ടടിപ്പിക്കുകയും കലഹക്കാരെന്ന നിലയിൽ അവരെ കാരാഗൃഹത്തിലിടുവിക്കയും ഉണ്ടായി.

ചോ. ഇതിന്റെ അവസാനം എങ്ങനെയായി?

ഉ. അവസാനം ഇപ്രകാരം ആയിരുന്നു. വിശുദ്ധ ശ്ലീഹായും സീലായും രാത്രിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ കാരാഗൃഹത്തിന്റെ അടിസ്ഥാനം ഇളകുകയും വാതിലുകൾ താനേതന്നെ തുറക്കപ്പെടുകയും തടവുകാരെ ബന്ധിച്ചിരുന്ന ചങ്ങലകൾ പൊട്ടിപ്പോകയും ചെയ്തു. ഈ അത്ഭുതമെല്ലാം കണ്ടു, കാരാഗൃഹവിചാരിപ്പുകാരൻ മനസ്സുതിരിഞ്ഞു കൂടുംബസമേതം മാമ്മോദീസാ മുങ്ങി. പിറേന്നാൾ വിശുദ്ധന്മാരെ, അധികാരികൾ വിട്ടയക്കുകയും അവർ ആ പട്ടണക്കാരിൽ വളരെപേരെ മനസ്സു തിരിപ്പിക്കുകയും ചെയ്തു.

ഗലാ. ൨. ൫

ഗ്ലാഡ്സ്റ്റൻ എന്ന മഹാൻ തിരുസഭയെക്കുറിച്ചു പറഞ്ഞ ചില അഭിപ്രായങ്ങൾ.

"പരിശുദ്ധ സേനയുടെ നായികയായി അവൾ ഏഴു ശതാബ്ദം അഭിഗമനം ചെയ്തിരിക്കുന്നു. അവൾ ജയാഘോഷ തേരിനെ വഹിക്കുന്ന കുതിരകളേപ്പോലെ ഭൂമിയിലെ ആത്മികവും അനാത്മികവുമെന്ന രണ്ടു പ്രധാന സൈന്യങ്ങളെ തന്റെ തേരിനു പൂട്ടിയിരിക്കുന്നു. ലോകത്തിന്റെ വിദ്യ അവളുടെതാകുന്നു. ലോകത്തിന്റെ ബുദ്ധിശക്തി അവളുടേതാകുന്നു. അവളുടെ ഔന്നത്യം, മഹിമ, പ്രതാപം, മഹത്വം എന്നവ ലോകത്തിനു ഈ സംഗതികളിൽ പ്രശംസിക്കാവുന്നതായിട്ടുള്ള എല്ലാത്തെയും പൂർണ്ണമായിട്ടല്ലെങ്കിലും മിക്കവാറും സംഗ്രഹിച്ചിരിക്കുന്നു. അവളുടെ മക്കളുടെ സംഖ്യ ഭിന്നമതക്കാരെല്ലാവരുടേതിനേക്കാൾ വലിയതാകുന്നു. അവൾ അവളുടെ വിശാലമായ സാമ്രാജ്യത്തിന്റെ അത്തി. ദിവസേന വിസ്തീർണ്ണപ്പെടുത്തുന്നു. അവളുടെ ബലിപീഠങ്ങൾ എല്ലാ ദേശത്തും സ്ഥാപിക്കപ്പെടുന്നു. മരണമില്ലായ്മയുടെ സുവിശേഷം അറിയിക്കപ്പെടുന്നതിനു മനുഷ്യർ എവിടെ ഉണ്ടോ അവിടെ ഒക്കെയും, അപ്രകാരംതന്നെ പാപത്തിൽ നിന്നു രക്ഷിക്കപ്പെടുന്നതിനു ആത്മാവുകൾ എവിടെ ഉണ്ടോ അവിടെ ഒക്കെയും അവളുടെ വേദബോധകരെ കാണാവുന്നതാണ്. ക്രിസ്തുമതം ഏതു പ്രാചീനമോ അതു പ്രാചീനയും മാനുഷവർഗ്ഗം ഏതു സാവ്തികമോ അതു സാവ്തികയുമായ ഈ അത്ഭുതകര സഭ ൨൦ ശതാബ്ദങ്ങളുടെ ശേഷം ഇന്നും പരിശുദ്ധാത്മാവായുടെ അഗ്നി ഭൂമിമേൽ വർഷിച്ച ആ പന്തക്കുസ്താ ദിവസത്തിലേപ്പോലെ തന്നെ ഫലവത്തുള്ളതും ആരോഗ്യമുള്ളതും പുതിയതുമായിരിക്കുന്നു. നിശ്ചയമായിട്ടും ഇപ്രകാരമുള്ള ഒരു സ്ഥാപനം അതിനു പുറമെയുള്ള എല്ലാവരുടെയും ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്. അവരെല്ലാവരുടേയും ഗൌരവമായ ആലോചനയ്ക്കു വിഷയീഭവിക്കേണ്ടതുമാണ്.

ഗലാ. ൨. ൫

സച്ചിന്താവലി.

നാം അനുസരണകൊണ്ടു പിശാചുക്കളെ അമർത്തുന്നു. മറ്റു പുണ്യങ്ങൾ കൊണ്ടാവട്ടെ അവരോടു യുദ്ധം ചെയ്യുന്നേയുള്ളു.

വി. ഗ്രിഗോരിയോസ്.

നന്മചെയ്യുന്നതിൽ വേറൊരുവന്റെ മനസിനെ അനുസരിക്കുന്നതിനേക്കാൾ നമ്മുടെ പ്രവൃത്തികളെ അധികം ഭദ്രപ്പെടുത്തുകയും പിശാചു നമുക്കായി വെയ്ക്കുന്ന കണികളെ അധികം സഫലമായി ഖണ്ഡിച്ചുകളകയും ചെയ്യുന്നതു ഒന്നും ഇല്ല.

വി. പീലിപ്പോസ് നേരി.

ബുദ്ധിയാണ് ആത്മാവിന്റെ കണ്ണ്. ശരീരത്തിന്റെ കണ്ണിനു, കാണണമെങ്കിൽ പ്രകാശം ആവശ്യമായിരിക്കുന്നതുപോലെ ബുദ്ധിക്കും പ്രകാശം വേണ്ടതാണ്. പക്ഷേ ദൈവവെളിപ്പാട് എന്ന പ്രകാശം കൂടാതെ അതിനു ദൈവികകാര്യങ്ങളെ തെളിവായി കാണുന്നതിനു എങ്ങിനെ സാധിക്കും?.

വി. അഗസ്തീനോസ്.

സ്വർഗ്ഗത്തിലേക്കുള്ള പാത ഇടുങ്ങിയതാണ്. ആ സ്ഥിതിക്ക അതിൽ കൂടി പ്രയാസം കൂടാതെ പോകാൻ വിചാരിക്കുന്നവൻ ചുമടെല്ലാം മാറിക്കൊണ്ടു കുരിശു എന്ന വടി കുത്തിനടക്കണം. അഥവാ ദൈവസ്നേഹത്തെ പ്രതി എന്തെങ്കിലും സഹിക്കുന്നതിനു മനപ്പൂർവ്വമായി നിശ്ചയിച്ചിരിക്കണം.

വി. യോഹന്നാൻ അ ക്രൂശെ.

പരിശ്രമം കൊണ്ടു മാധുര്യസംപൂർണ്ണമാക്കാൻ സാധിക്കാതിരിക്കത്തക്കവണ്ണം പ്രകൃത്യാ അത്ര വെറുപ്പുള്ള യാതൊന്നും ഇല്ല. ഭാ. തോമ്മസ് മൂർ.

മ്ശിഹായുടെ ജീവിതം വളരെ വിശേഷപ്പെട്ട പുസ്തകമാണ്. അതു തക്കവിധത്തിൽ വായിക്കുന്നവൻ വലിയ ജ്ഞാനിയായി തീരുന്നു. ലോകത്തിലുള്ള പുസ്തകങ്ങൾ എല്ലാം നശിച്ചുപോയാലും എല്ലാം പുണ്യങ്ങളേയും സത്യത്തേയും പഠിക്കുന്നതിനു എല്ലാ ക്രൈസ്തവർക്കും മ്ശിഹായുടെ ജീവിതവും കഷ്ടപ്പാടുകളും മതിയാകുന്നതാണ്. ബ്ളോസ്സസ്.



തിരുഹൃദയ ഭക്തർമാർ

ഫൻഫ്ര മീനമാസത്തിൽ വെക്കേണ്ട

പൊരുൾക്കുറൽ.

ജ്ഞാനധ്യാനം കഴിച്ചിക്കയും കഴിക്കയും.

ക്രൈസ്തവരികളുടെ നടവടികളെ പരിശുദ്ധീകരിക്കുന്നതിനു തിരുസഭാനേതാക്കന്മാർ ഉപയോഗപ്പെടുത്തിവരാറുള്ള മുഖ്യമായ മാർഗ്ഗങ്ങളിൽ ഒന്നാണ് ജ്ഞാനധ്യാനം ചെയ്യിപ്പിക്കയെന്നുള്ളതു്. എല്ലാ രാജ്യങ്ങളിലും ഈ സൽപ്രവൃത്തി ഇപ്പോൾ നടപ്പായിട്ടുണ്ട്. സന്യാസാനുസ്സിലും, വൈദികാനുസ്സിലും ജീവിതം നയിക്കുന്നവർ അഞ്ചിലൊരിക്കൽ ജ്ഞാനധ്യാനം കഴിക്കയെന്നുള്ളതു അവരുടെ ഒരു പ്രധാന കടമകളിൽ ഒന്നായും ഗണിക്കപ്പെട്ടിരിക്കയാണ്. വിശ്വാസികൾക്കാവട്ടെ അവരുടെ ജീവിതകാലത്തിൽ പലപ്രാവശ്യമെങ്കിലും 'ധ്യാനി'ക്കുന്നതിനു അവസരം ലഭിക്കാറുണ്ട്. തിരുസ്സഭയിൽ ഇങ്ങനെ 'ധ്യാനം കഴിക്ക'യെന്നുള്ളതു സർവ്വസാധാരണമായി തീർന്നിരിക്കുന്നതിന്റെ കാരണം അതുമൂലം ഉണ്ടാകുന്ന വിശേഷപ്പെട്ട ഗുണങ്ങളാണെന്നു പറയേണ്ടതില്ലല്ലൊ. ധ്യാനത്തിന്റെ പ്രകൃതിയെപ്പറ്റിപറയ്യാലോചിക്കുന്നതായാൽ അതിരുരക്ഷാകരമായിരിക്കുന്നതിനെപ്പറ്റിആരും അത്ഭുതപ്പെടുകയില്ല. മനുഷ്യൻ ദൈവപ്രമാണങ്ങളെ ലംഘിച്ചു നശിച്ചുപോകുന്നതിനുള്ള കാരണം ഈ ജീവിതത്തിന്റെ ഉദ്ദേശത്തേയും മരണശേഷമുള്ള അവസ്ഥയേയും പറ്റി ശ്രദ്ധയോടെ പയ്യാലോചിക്കാത്തതാണ്. ഈ പയ്യാലോചനക്കുറവു നിമിത്തം സ്നേഹിക്കേണ്ടതിനെ സ്നേഹിക്കാതിരിക്കയും സ്നേഹിക്കേണ്ടാത്തതിനെ സ്നേഹിക്കയും ചെയ്യുന്നു. യഥാർത്ഥത്തിൽ പാപികളുടെ അഭിപ്രായം ഈ ലോകം ശാശ്വതമായിട്ടുള്ള അവരുടെ ഭവനമാണെന്നും അതിനെപ്പറ്റി ചിന്തിക്കേണ്ടതേയുള്ളുവെന്നുമാണെന്നാണല്ലൊ അവരുടെ പ്രവൃത്തികളിൽനിന്നുസ്പഷ്ടമാകുന്നതു്. ആലോചനയില്ലാത്തതിനാൽ ലോകം നശിച്ചിരിക്കുന്നുവെന്നു വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതു് എത്രയൊ അർത്ഥവത്തായിരിക്കുന്നു!:— പാപം ചെയ്യുന്നതിനാൽ ഉളവാകുന്ന ലാഭത്തേയും നഷ്ടത്തേയും പറ്റി മനുഷ്യർ വേണ്ടവിധം പയ്യാലോചിച്ചിരുന്നെങ്കിൽ ഈ ലോകത്തിൽ ഒരുപാപംപോലും ചെയ്യപ്പെടുകയില്ലായിരുന്നു! പാപി നേരായ പാത വിട്ടു നടന്നശേഷവും പയ്യാലോചന മാത്രമെ, അവനെ നേരായ വഴിയിലേക്കു കൊണ്ടുവരികയു

ള്ളു. ഇങ്ങനെയുള്ള പഠ്യാലോചനക്കു തക്കതായ അവസരമായിട്ടാണ് ജ്ഞാനധ്യാന ദിവസങ്ങൾ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ജ്ഞാനധ്യാനം മൂലമുണ്ടാകുന്ന ഗുണങ്ങളെ വിശ്വാസികൾ നല്ലപോലെ ആരാഞ്ഞറിഞ്ഞു അതിൽ സംബന്ധിക്കുന്നതിനു പ്രത്യേകം ഉത്സാഹിക്കണം. കൂടാതെ ഈ സൽകൃത്യത്തിന്റെ പേരിൽ പൊതുവെ വിശ്വാസികൾക്കു പ്രതിപത്തിയുണ്ടാകുന്നതിനും അതിൽ സംബന്ധിക്കുന്നവർക്കു ഉദ്ദിഷ്ട ഫലങ്ങൾ സിദ്ധിക്കുന്നതിനുമായി തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

ലോകവർത്തമാനച്ചുരുക്കം.

മാന്യനായ സന്ന്യാസാശ്രമത്തിന്റെ പ്രിയോർ പെ. ബ. കുയ്യാക്കോസച്ചനവർകളെ സിവിൽ നടപടി നിയമം രണ്ടാം വകുപ്പനുസരിച്ചു സിവിൽ കോടതികളിൽ താൻ തന്നെ ഹാജരാകുന്നതിൽനിന്നു കല്പനപ്രകാരം ഒഴിവാക്കിയിരിക്കുന്നതായി ഇക്കഴിഞ്ഞ സർക്കാർ ഗസറിൽ പ്രസിദ്ധീകരിച്ചു കാണുന്നതിൽ സന്തോഷിക്കുന്നു.

വിശ്രുതനായ ഫാദർ ബാത്തോലി അവർകൾ കുത്തോലിക്കാ തിരുസഭയിലേക്കു പിന്തിരിഞ്ഞിരിക്കുന്നതായി കാണുന്നു.

പോർട്ടുഗാളിൽ രാജദ്രോഹം നിമിത്തമായി തടവിൽ അടക്കപ്പെട്ടിരുന്നവരും നാടുകടത്തപ്പെട്ടിരുന്നവരുമായ എല്ലാ കുറ്റക്കാർക്കും സ്വാതന്ത്ര്യം നൽകിയിരിക്കുന്നതായികാണുന്നു.

ഇക്കഴിഞ്ഞ പത്തുകൊല്ലങ്ങൾക്കുള്ളിൽ ഹിന്തുമതത്തിൽനിന്നു നാല്പതിനായിരംപേർ മഹമ്മദു മതത്തിലേക്കും അതിൽ മൂന്നിരട്ടി ആളുകൾ ക്രിസ്തുമതത്തിലേക്കും ചേന്നിട്ടുണ്ടെന്നു കാണുന്നു.

ഇരണിയലിൽ ഈയിടെ ഒരുസ്ത്രീ മൂന്നു കുട്ടികളെ ഒരേദിവസത്തിൽ പ്രസവിക്കയും ആ കുട്ടികളും തള്ളയും മരിച്ചുപോകയും ചെയ്തിരിക്കുന്നതായി കാണുന്നു.

പാരീസിലെ ജപ്പാൻ സ്ഥാനപതിക്കു ഈയിടെ പ്രത്യുപ്രസിഡണ്ടു എം. പൊയിൻകാർ ഒരു വിരുന്നുസൽക്കാരം ചെയ്യുകയുണ്ടായി.

കഴിഞ്ഞ ഫെബ്രുവരി ഫ്രാൻസ്-ചൈനാപ്രാന്ത ഇൻഡ്യാക്കും സിലോണിനും മധ്യെ പുതിയതായി തീർത്തിട്ടുള്ള 'ഇൻഡോസിലോൺ റയിൽവെ' മോസ് ഗവർണ്മരവർകളാൽ തുറക്കപ്പെട്ടിരിക്കുന്നു.

ഇയ്യിടെ നടന്ന മണലൂർ പള്ളിയിലെ പെരുനാളിനു വെടിക്കെട്ടു കത്തിച്ചപ്പോൾ ഒരു അമിട്ടുപൊട്ടി ഒരാൾ മരിച്ചുപോയതായി ഒരു ലേഖകൻ എഴുതിയിരിക്കുന്നു.

ഒരു വിമാനപ്പന്തയം നടത്തുന്നതിനു അമേരിക്കയിലെ 'ഏറൊക്ലബ്' കാർ ഏർപ്പാടുചെയ്തിരിക്കുന്നു. പന്തയം അടുത്ത മേ മാസം ഫ്രാൻസു- സാൻഫ്രാൻസീസ്കോയിലെ പ്രദർശന സ്ഥലത്തു തുടങ്ങുന്നതായിരിക്കും. ലോകം മുഴുവൻ ചുറ്റി ആദ്യം വരുന്നയാൾക്കു നിശ്ചയിച്ചിരിക്കുന്ന സമ്മാനം ഇരുപതിനായിരം പവനാണ്.

ദിവാൻ മിസ്റ്റർ ഏ. ആർ. ബാനർജ്ജി കൊച്ചി രാജ്യാഭിവൃദ്ധിക്കായി ചെയ്തിട്ടുള്ള ശ്രമങ്ങളേയും തന്നിമിത്തം ആ രാജ്യത്തിനുണ്ടായിട്ടുള്ള ശ്രേയസ്സിനേയും അതിൽ വലിയ തമ്പുരാൻ തിരുമനസ്സിലേക്കു അദ്ദേഹത്തിന്റെ നേർക്കുള്ള അവ്യാജമായ കൃതജ്ഞതയേയും വെളിപ്പെടുത്തുന്നതായ ഒരു വിശേഷാൽ ഗസറു് കൊച്ചി ഗവർമ്മേണ്ടിൽനിന്നു പ്രസിദ്ധീകരിച്ചിരിക്കുന്നു.

ന്യൂയോർക്കിൽ കഴിഞ്ഞ ഫ്രാൻസു- ഒരു ഭയങ്കരമായ ഹിമപാതമുണ്ടായി പലവിധ നാശങ്ങൾ ചെയ്തിരിക്കുന്നു. ഏകദേശം ഇരുശതിമത്തായ ഒന്നൂണ്ടായിട്ടില്ലെന്നാണ് പറയപ്പെടുന്നതു്. പടിഞ്ഞാറു നിന്നുള്ള തീവണ്ടികളെല്ലാം തടയപ്പെട്ടിരിക്കയാണ്. പട്ടണത്തിൽ വീണുകിടക്കുന്ന മഞ്ഞുകട്ടകളെ നീക്കുന്നതിനു ഇരുപതിനായിരം ജോലിക്കാരാണത്രെ ഏർപ്പെട്ടിട്ടുള്ളതു്. അനവധിയാളുകൾക്കു തൊഴിലില്ലാതെയായിരിക്കുന്നു. ഇവരിൽ ഒരു കൂട്ടർ അവിടെയുള്ള ഒരു 'പ്രസ്ബിറ്റേറിയൻ' പള്ളിയിൽ ബലമായി പ്രവേശിച്ചു അതിൽ താമസിക്കുന്നു. അവർക്കു ഒരു ധനശേഖരം ഉണ്ടാക്കിക്കൊടുക്കാത്തപക്ഷം അതിൽനിന്നിറങ്ങുകയില്ലെന്നാണ് പറയുന്നതു്. പല പള്ളികളും ഇപ്പോൾ പാപ്പിടമില്ലാത്തവർക്കു സങ്കേതസ്ഥാനമായി തീർന്നിരിക്കയാണ്.

വാനായിരുന്ന പ്രഖ്യാതി സമ്പാദിച്ചിട്ടുള്ള മിസ്റ്റർ വി. പി. മാധവരായർ സി. ഐ. ഇ. ബറോഡായിലെ ദിവാനായി നിയമിക്കപ്പെട്ടിരിക്കുന്നു. സർ. ടി. മാധവരായർ അവർകളും ദിവാൻ ബഹദൂർ എസ്. ശ്രീനിവാസ രാഘവ അയ്യങ്കാർ അവർകളും മാത്രമെ ഇതിനുമുമ്പു ദക്ഷിണ ഇൻഡ്യക്കാരായി ബറോഡായിലെ ദിവാൻ പദത്തിൽ ഇരുന്നിട്ടുള്ളു.

തിരുവിതാംകൂർ, കൊച്ചി ബ്രിട്ടിഷ് മലബാർ എന്നല്ല അന്യരാജ്യങ്ങളിൽപോലും അനേക ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരുന്നതായ പ്രസിദ്ധപ്പെട്ട "ബക്കിംഗ്ഹാം കെംലക്കേസി,,ന്റെ വിധി കുംഭം ൨൨ാം നാലര മണിക്കുശേഷം, സെഷ്യൻ ജഡ്ജി പി. രാമൻതമ്പി ബി. എ., എം. എൽ. അവർകൾ പ്രസ്താവിച്ചിരിക്കുന്നു. ൧൦൫–ം ൧൦൬–ം വകുപ്പുകളനുസരിച്ചു ഒന്നും രണ്ടും പ്രതികളായ മിസ്റ്റർ സി.ന്നിക്കും മിസ്സസ്സ് ബക്കിങ്ഹാമിനും ജീവപര്യന്തം കഠിനതടവാണ് വിധിച്ചിരിക്കുന്നത്. ഫൈക്കോർട്ടിൽ അപ്പീൽ ചെയ്യുന്നതിനു ൬൰ ദിവസത്തെ അവധിയും അനുവദിച്ചിട്ടുണ്ട്. രാവിലെ പത്തുമണി മുതൽ വിധിപ്രസ്താവിക്കുന്നതുവരെയും ജില്ലാക്കോർട്ടിനു ചുറ്റും വരാന്തയിലും മറ്റും ക്രൂടിയിരുന്ന ജനക്കൂട്ടത്തിനു ഒരു സംഖ്യ നിശ്ചയിക്കുന്നതു അശക്യംതന്നെ. സന്ധ്യക്കു മുമ്പായി പ്രതികളെ രണ്ടുപേരെയും സിവിൽ ജെയിലിൽനിന്നു പോലീസ്സ്റ്റേഷനിലേക്കു കൊണ്ടുപോയി. കുംഭം ൨൩ാം രാവിലെ അവരെ കോട്ടയത്തുനിന്നു തിരുവനന്തപുരത്തിനു കൊണ്ടുപോകുകയും ചെയ്തു.

തിരുവിതാംകോട്ടു നെയ്യുന്നതായ നല്ല കസവുതരങ്ങൾ മുതലായതു നോട്ടിംഗ്ഹാമിലെ പ്രദർശനത്തിനു അയക്കുന്നതിലേക്കു സമ്മാനമായും മറ്റും കൊടുക്കുന്നതിനായി തിരുവിതാംകൂർ ഗവർമ്മെണ്ടിൽ നിന്നു പതിനായിരം രൂപാ അനുവദിച്ചിരിക്കുന്നു.

"കത്തോലിക്കാ സാധുജന സംഘം" എന്ന അഭിധാനത്തിൽ ചെങ്ങളംപള്ളി സ്ഥലത്തു വച്ചു മകരം ൨൫–ാംനു ശനിയാഴ്ച പകൽ ൧൰ മണിക്കു ഒരു യോഗം കോട്ടയം ഗ്രഡ്സ്കൂൾ ഫസ്റ്റ് ഗ്രേഡ് സ്കൂൾ ഫൈനൽ മാസ്റ്റർ മിസ്റ്റർ പി. ഇ. ലൂക്കോസ് അവർകളുടെ അദ്ധ്യക്ഷതയിൽ ഭംഗിയായി നടത്തപ്പെട്ടു. ക്ഷണമനുസരിച്ചു സമീപസ്ഥലങ്ങളിലുള്ള ഏതാനും വൈദികരും ഒട്ടേറെ മാന്യന്മാരും സന്നിഹിതരായിരുന്നു. ഇപ്രകാരപ്രാർത്ഥനയോടുകൂടി സ്ഥലത്തെ വികാരി റവ. ഫാദർ മത്തിയാസു ഈ യോഗത്തെയും അതിന്റെ ഉദ്ദേശ്യത്തെയും കുറിച്ചു ഒരു സാരഗർഭപ്രസംഗം ചെയ്തു. അനന്തരം അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗമായി. ഇതിനെ തുടർന്നു ചില അപരിഷ്കൃത നടപടികൾ, താണജാതിക്കാരും വിദ്യാഭ്യാസവും, മദ്യവർജ്ജനം, ഗൃഹം പണികഴിപ്പിക്കേണ്ട സ്ഥാനം, ഗൃഹനിർമ്മാണരീതി, ഗൃഹശുചീകരണം എന്നീ വിഷയങ്ങളെപ്പറ്റി ഓരോരുത്തരുടെ ഉപന്യാസവായനയായിരുന്നു നടന്നതു്. ഇടക്കിടെ ചില അഭിപ്രായപ്രകടനങ്ങളും ഉണ്ടായി. പിന്നീടു അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗമായിരുന്നു. അതിൽ ഉപന്യാസങ്ങളിൽ അന്തർഭവിച്ചിരുന്ന ചില പ്രത്യേക സംഗതികളെ എടുത്തു വിശദമായി പ്രസ്താവിക്കയുണ്ടായി. അതുകഴിഞ്ഞു സ്ഥലത്തെ വികാരിയുടെ കൃതജ്ഞതാപ്രകാശനം നടന്നു. ഒടുവിൽ മാപ്പിപ്പായിക്കും മഹാരാജാവു തിരുമനസ്സിലേക്കും, മെത്രാപ്പോലീത്താ അവർകൾക്കും, അദ്ധ്യക്ഷനും ചീയേഴ്സ് വിളിച്ചു സദസ്യർക്കു ചെറുനാരങ്ങാ മുതലായവ വിതരണം ചെയ്തും ൪൰ മണിയോടുകൂടി യോഗം പിരിഞ്ഞു.

ഒരു സിദ്ധൗഷധം.

വിളഞ്ഞ നെല്ലിക്കായ് ഇടിച്ചു നീർപിഴിഞ്ഞു, ൧ പടി എടുത്തു് അതിനോടു് തിപ്പലി ചൂർണ്ണം ൧൰ പലവും അതി മധുരം ചൂർണ്ണം ൨ പലവും, ശുദ്ധപ്പഴം അരച്ചു ആ കൽക്കത്തിൽ ൪ പലവും ശർക്കരയും ചേർത്തു് ചെറുതായി തീയിട്ടു് കാച്ചി, കുറെ കട്ടിയായി വരുമ്പോൾ ൧൰ പലം തേൻ വീഴ്ത്തി മർദ്ദിച്ചു് ഇറക്കി വയ്ക്കുണം. ഇതിനെ പാകപ്പെടുത്തുന്നതിനും പിന്നെ എടുത്തു സൂക്ഷിക്കുന്നതിനും കൽച്ചട്ടികളൊ പിഞ്ഞാൺ പാത്രങ്ങളൊ ഉപയോഗിക്കണം. ലോഹപ്പാത്രങ്ങളുപയോഗിച്ചാൽ പുളിപ്പേറിപ്പോകും. അരോചകം, അഗ്നിമാന്ദ്യം, കാമില, കരൾസംബന്ധിച്ച രോഗങ്ങൾ മുതലായവയ്ക്കു ഇതൊരു സിദ്ധൗഷധമാണ്. പാണ്ഡുരോഗത്തിനും ഉണകരമാണ്. ഒരു പ്രാവശ്യം കാൽ പലം വീതം മൂന്നു നേരം സേവിക്കണം.

ബോംബയിൽ കഴിഞ്ഞ വെള്ളിയാഴ്ച ഒരു ആറുനിലമാളികയ്ക്കു എങ്ങനെയൊ തീ പിടിച്ചു ഭയങ്കരനാശം സംഭവിച്ചിരിക്കുന്നു. കെട്ടിടത്തിന്റെ മുകളിൽ ഉദ്ദേശം നൂറാളുകൾ ഉണ്ടായിരുന്നു. അതിലേക്കു പ്രവേശിക്കുന്നതിനു ഒരു കോവണി മാത്രമേയുണ്ടായിരുന്നുള്ളു. ഇതിനു തീ കത്തിക്കൊണ്ടിരിക്കുമ്പോൾ അവരിലധികംപേരും ഒരു പ്രകാരത്തിൽ അതിന്മേൽക്കൂടി താഴത്തിറങ്ങി. മുപ്പതു പേർക്കു അങ്ങനെ പുറത്തിറങ്ങുന്നതിനു സാധിച്ചില്ല. അവരിൽ ചിലർ അടുത്തുണ്ടായിരുന്ന മറ്റൊരു കെട്ടിടത്തിലേക്കു പ്രാണഭീതിയോടെ ചാടിക്കയറി. മൂന്നുപേർ ചാട്ടത്തിൽ പിഴച്ചു തൽക്ഷണം മരിച്ചുപോയി. ബാക്കിയുണ്ടായിരുന്നവർ എങ്ങനെയൊ അഞ്ചാം നിലയിൽ കടന്നുകൂടി. അവരെ 'ഫയർമെൻ' വന്നു രക്ഷപ്പെടുത്തുകയുണ്ടായതായി കാണുന്നു. ഇവർ കെട്ടിടത്തിൽ പ്രവേശിച്ചപ്പോൾ അഗ്നിയിൽപ്പെട്ടു ദഹിച്ചുപോയ അഞ്ചുപേരുടെ മൃതശരീരങ്ങൾ കാണപ്പെടുകയുണ്ടായി. ഈ തീപിടിത്തം നിമിത്തം ഒരു ലക്ഷം രൂപായുടെ നഷ്ടമുണ്ടെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നതു.

ഡൽഹിയിൽ പുതിയതായി പണിയിക്കുന്ന ഗവൺമെന്റു കെട്ടിടങ്ങൾക്കുതന്നെ ഇരുപത്തെട്ടുലക്ഷം പവൻ ചെലവാകുമെന്നു കാണുന്നു.

ബൽജിയമിലെ ആൽബർട്ട് രാജാവവർകൾ ഇപ്പോൾ 'സോയിജ് നെസ്' എന്ന വനത്തിൽക്കൂടി കുതിരപ്പുറത്തുകൂടി സവാരി ചെയ്യുമ്പോൾ കുതിരയുടെ കാൽ ഒരു കല്ലിന്മേൽ തട്ടി അതു വീഴുകയാൽ രാജാവിന്റെ ഇടത്തു കൈ ഒടിഞ്ഞുപോയതായി കാണുന്നു.

ചൈനായിൽ 'ല്യൂച്ചൊ' എന്ന സ്ഥലത്തു ഈശോസഭക്കാരനായ ഒരു പാതിരിയെ കൊള്ളക്കാർ കൊലപ്പെടുത്തുകയും മറ്റു രണ്ടുപേരെ ബന്ധിച്ചുകൊണ്ടുപോകയും ചെയ്തിരിക്കുന്നു.

ഐർലണ്ടിന്റെ സ്വയംഭരണവാദികൾക്കുവേണ്ടി അമേരിക്കയിലെ യുണൈറ്റെഡ് ഐറിഷ് ലീഗുകാർ പതിനായിരം ഡോളർ മിസ്റ്റർ റെഡ്മണ്ടിന്റെപേക്കു അയച്ചുകൊടുത്തിരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടി ന്യൂയോർക്കിലെ ഐറീഷ് വർൾഡ്" എന്ന പത്രക്കാർ ഒരു ധനശേഖരം ആരംഭിച്ചിട്ടുണ്ട്.

ഇൻഡ്യാ വൈസ്രോയിയായിരുന്ന മിന്റോപ്രഭു അവർകൾ മരിച്ചുപോയിരിക്കുന്നു.

'ജർമ്മൻ കത്തോലിക്കരുടെ ജനറൽ കൊൺഗ്രസ്' ഇക്കൊല്ലം മൺസ്റ്റർ എന്ന സ്ഥലത്തു അടുത്ത ആഗസ്റ്റ് ൯൰ ആരംഭിച്ചു ൧൨–൰൨ കൊണ്ടു അവസാനിക്കുന്നതാണ്.

യൂറോപ്പിന്റെ പശ്ചിമ ദേശങ്ങളിൽ ഇക്കൊല്ലം കൊടുങ്കാറ്റു നിമിത്തം കൂടെക്കൂടെ പല നാശങ്ങളും സംഭവിക്കുന്നതായി കാണുന്നു. പ്രാൻസിന്റെ തെക്കുകിഴക്കെ ഭാഗങ്ങളിൽ ഇതു നിമിത്തം ഈയിടെ വളരെ കഷ്ടനഷ്ടങ്ങൾ നേരിട്ടിട്ടുണ്ട്. ലിയൻസിലുണ്ടായിരുന്ന പല വിമാനശാലകളും അവയിലുണ്ടായിരുന്ന യന്ത്രങ്ങളും തകർന്നുപോയി. പ്രാൻസിനും പോർട്ടുഗലിനും ഇടയ്ക്കുള്ള കമ്പികൾ മുറിഞ്ഞുപോയിട്ടുള്ളതിനാൽ, ആ രണ്ടു രാജ്യങ്ങൾക്കും തമ്മിൽ വർത്തമാനങ്ങൾ അറിയിക്കുന്നതിനു വളരെ വിഷമം നേരിട്ടിരിക്കുന്നു. സ്പെയിലും ചില്ലറയല്ലാത്ത നാശങ്ങൾ ഉണ്ടായിട്ടുണ്ട്.

മരണങ്ങൾ.

ഫെബ്രുവരി ൨൰൰൮- ബുധനാഴ്ച രാത്രി ഏഴര മണിക്കു കണ്ണാടിഉറുമ്പു മഠത്തിൽ വാഴ്ത്തപ്പെട്ട ദേവസ്യായുടെ മകൾ ഉദ്ദേശം വയസ്സുള്ള പുതുകന്യാസ്ത്രീ സ. മഗ്ദലീത്താ സുബോധത്തോടുകൂടി അന്ത്യക്രിയാശകൾ എല്ലാം കൈക്കൊണ്ടു ഭാഗ്യമായി മരണം പ്രാപിച്ചിരിക്കുന്നു.

ചേപ്പുങ്കൽപള്ളി ഇടവക വടക്കയിൽ ബ. വക്കീക്കുത്തനാർ അവർകളുടെ ജ്യേഷ്ഠ സഹോദരൻ തൊമ്മൻ അവർകൾ തന്റെ നൂറ്റാമത്തെ വയസ്സിൽ ൧൯൰൮ ഫെബ്രുവരി ൧൨–൰൩ തിങ്കളാഴ്ച ൨ മണിക്കു അന്ത്യക്രിയാശകളൊക്കെയും സുബോധത്തോടെ കൈക്കൊണ്ടു കർത്താവിൽ നിദ്രയെ പ്രാപിച്ചിരിക്കുന്നു.

K. I. P.